# വിദ്യാഭിവൎദ്ധിനി.

"വിദ്യാധനം സൎവ്വധനാൽ പ്രധാനം."

പു: 15 { 110 കുംഭം } ലക്കം 12


## ആരോഗ്യഭാസ്കരം.

---

### അത്യത്ഭുതകരമായ ഒരു പുതിയ ചികിത്സാസമ്പ്രദായം.

(കെ. രാമൻമേനോൻ.)

[ഈ സമ്പ്രദായത്തെ ഹസിക്കുവാനോ ആക്ഷേപിക്കുവാനോ തുടങ്ങുന്നവർ ആദ്യമായി ഇതിൽ വിവരിച്ചിരിക്കുന്ന ഏതെങ്കിലും ചില വിധികൾ പരിശോധിച്ചുനോക്കട്ടെ. പ്രകൃതിയുടെ മാഹാത്മ്യം അപ്പോൾ അവൎക്ക് വെളിപ്പെടുന്നതുകാണാം.]

"അഹം വിശ്വേശ്വരോ ധാതാ
സൎവ്വേഷാം പ്രഭവസ്തഥാ
പുരാണഃ ശാശ്വതോ വിഷ്ണു-
രക്ഷയോഗം പ്രകാശവാൻ.

അനന്യാശ്ചിന്തയന്തോമാം
യേജനാഃ പൎയ്യുപാസതേ
തേഷാം നിത്യാഭിയുക്താനാം
യോഗക്ഷേമം വഹാമ്യഹം."

### പ്രാരംഭം.

ആരോഗ്യം മനുഷ്യന്റെ ജന്മാവകാശമായ ഒരു അനുഗ്രഹമാണ്. രോഗം അങ്ങിനെയല്ല. അതു് ആരും ഇഷ്ടപ്പെടാത്തതും

ആരേയും ദുഃഖിപ്പിക്കുന്നതും ആകുന്നു. എങ്കിലും ആരോഗ്യം എത്ര ദുർല്ലഭവും രോഗം എത്ര സാധാരണവും ആയിരിക്കുന്നു എന്നുനോക്കുക. പത്തെൺപതുകൊല്ലം ജീവിച്ചിരുന്നശേഷം പറയത്തക്ക രോഗങ്ങൾ ഒന്നും കൂടാതെ മരിക്കുന്ന ഒരുവനെ "ഭാഗ്യവാൻ, ദീൎഘായുഷ്മാൻ" എന്നെല്ലാം പറഞ്ഞു് ഇക്കാലത്തു ധാരാളം വാഴ്ത്താറുണ്ടു്. തൊണ്ണൂറുവയസ്സുവരെ ജീവിച്ചിരിക്കുന്നവർ ദുർല്ലഭം. നൂറു മുതൽ നൂററിഇരുപതുവയസ്സുവരെ ജീവിച്ചിരുന്ന ഭാഗ്യവാന്മാരുടെ പേരും ഒട്ടൊക്കെ കേൾക്കുവാൻ സാധിച്ചിട്ടില്ലെന്നില്ല. ൧൬൨, ൧൫൭, ൧൮൫, ൨൦൦ വയസ്സുവരെ ജീവിച്ച ആധുനികരെപ്പററിയും നാം കേട്ടിരിക്കുന്നു. കീഴ്പ്പോട്ടുനോക്കിയാൽ കാണുന്ന കാഴ്ചയാണു ഭയങ്കരം. ചെറുപ്പത്തിൽ മരിച്ചുപോകുന്നവരുടെ സംഖ്യ എത്രയെത്ര! ബാലമരണങ്ങളല്ലോ; അഹോ ഭയങ്കരം!!

ഒരു മൃഗത്തിനു് പൂൎണ്ണവളൎച്ചയെ പ്രാപിക്കുവാൻ—അതായതു് പ്രായപൂൎത്തി വരുവാൻ—വേണ്ടിവരുന്ന കാലത്തിന്റെ ആറിരട്ടിയാണു്, സാധാരണമായി അതിന്റെ ആയുഷ്കാലമായി കണക്കാക്കാറുള്ളതു്. അതായതു്, മൂന്നുവയസ്സിൽ പ്രായപൂൎത്തിവരുന്ന ഒരു ജന്തു പതിനെട്ടുകൊല്ലം ജീവിച്ചിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ സിദ്ധാന്തത്തെ, മനുഷ്യജന്മികളെ വിഷയമാക്കി നോക്കുകയും, മനുഷ്യന്റെ പ്രായപൂൎത്തിക്കുള്ള കാലം ഇരുപതുവയസ്സായി കണക്കാക്കുകയും ചെയ്താൽ മനുഷ്യായുസ്സ് നൂററിഇരുപതുവയസ്സായി കല്പിക്കാം. മനുഷ്യനു് ഇരുപത്തഞ്ചുവയസ്സായാലേ പ്രായപൂൎത്തി വരികയുള്ളു എന്നു വാദിക്കുന്നവരായി ചിലരുണ്ടു്. അവരുടെ കണക്കിൻപ്രകാരം മനുഷ്യായുസ്സ് നൂററിഅൻപതായും തീരുന്നു.

ഇതു് അങ്ങിനെയിരിക്കട്ടെ; പകൎച്ചവ്യാധികൾകൊണ്ടും മററും അകാലമരണം നേരിടാത്തപക്ഷം, മനുഷ്യർ ഇന്നു ജീവിക്കുന്നതിൽ എത്രയോ അധികംകാലം തീൎച്ചയായും ജീവിച്ചിരിക്കുകതന്നെ ചെയ്യും എന്നുള്ളതു് നിൎവ്വിവാദമായ ഒരു പരമാൎത്ഥമാണു്. പരിഷ്കാരരീതിയിലുള്ള ശുചീകരണം, പ്രകൃതിനിയമങ്ങൾ അനുസരിച്ചുള്ള ജീവിതം മുതലായ മാർഗ്ഗങ്ങളിൽ, ഇക്കാലത്തു രോഗനിവാരണാൎത്ഥം ഒട്ടൊക്കെ ശ്രമംചെയ്യാതിരിക്കുന്നില്ല. അവയ്ക്കു് ഒട്ടൊക്കെ ഫലമുണ്ടാകാതേയുമില്ല. എന്നാൽ കോടികോടിക്കണക്കിലുള്ള ഡാക്ടർമാരും, വൈദ്യന്മാരും, കവിരാജന്മാരും, വിദഗ്ദ്ധന്മാരും, വൈദ്യശാലക്കാരും, കുത്തിവെപ്പുകാരും, കത്തിവെപ്പുകാരും കടന്നുകയറി കാട്ടിക്കൂട്ടുന്ന കരുമനകൾ ചില്ലറയൊന്നുമല്ല. അവരുടെ ഉത്സാഹത്തിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും ഫലമായി

ജനങ്ങൾ കണക്കില്ലാതെ ചത്തൊടുങ്ങുകയാണ് ചെയ്യുന്നതു്. വാൎദ്ധക്യംനിമിത്തം മരിക്കുകയല്ല രോഗംനിമിത്തം ചത്തൊടുങ്ങുകയാണ്. നോക്കണേ പരിഷ്കാരംപോണ പോക്ക്!

"കുരങ്ങിനു ചാക്കില്ല" എന്ന അൎത്ഥത്തിൽ ആംഗ്ലേയപഴമൊഴിയൊന്നുണ്ടു്. അതൊരു വെറും ചൊല്ലല്ല; പരമാൎത്ഥംകൂടെയാണ്. കുരങ്ങിന്നുമാത്രമല്ല മററനേകം മൃഗങ്ങൾക്കും ഈ ചൊല്ല് ബാധകമായും ഇരിക്കുന്നു. അനേകം സഞ്ചാരികൾ അവരുടെ അനുഭവത്തിൽനിന്ന് ഇതിനെ പലതവണ പ്രബലപ്പെടുത്തീട്ടുമുണ്ടു്. മരിക്കുന്നുണ്ടെന്നിരുന്നാൽ തന്നെ—അപകടം നിമിത്തം ഉണ്ടാകുന്ന മരണങ്ങൾ ഒഴിച്ച്—ആവക ജന്തുക്കളുടെ ഇടയിൽ ഉണ്ടാകുന്ന അകാലമരണവും, അവക്കുണ്ടാകുന്ന രോഗബാധകളും ഏററവും ദുർല്ലഭമാകുന്നു എന്നുള്ളതിന്നു യാതൊരു സംശയവും ഇല്ല.

ഇതിൽനിന്നു മനുഷ്യർ പഠിക്കുവാനുള്ള പാഠത്തെപ്പററി അവർ സാവധാനം ചിന്തിക്കുന്നതു നന്നായിരിക്കും. മനുഷ്യൎക്കു പ്രപഞ്ചത്തെപ്പററിയും പ്രപഞ്ചനിയതികളെപ്പററിയും, ഇതരജീവികൾക്കുള്ളതിൽ കൂടുതലായ അറിവുണ്ടെന്നാണു വച്ചിരിക്കുന്നതു്. ആ സ്ഥിതിക്കു മററു ജീവികളെപ്പോലെയെങ്കിലും, മനുഷ്യർ തീൎച്ചയായും അകാലമരണത്തിൽനിന്നും രോഗബാധകളിൽനിന്നും രക്ഷപ്പെട്ടിരിക്കേണ്ടതായിരുന്നു. പ്രത്യുത, നാം ഇന്നു കാണുന്നതെന്താണ്? നമ്മുടെ അനുഭവമെന്തു്? രോഗങ്ങൾ ഇട്ടു നിറച്ചുവച്ചിരിക്കുന്ന കുട്ടകൾപോലെയുള്ള ഒരുകൂട്ടം ജനങ്ങൾ, നാട്ടിലെങ്ങും നിറയെ ആതുരശാലകൾ, ആതുരശാലകളിൽ കൊള്ളാത്ത രോഗികൾ, ചാണിലും മുഴത്തിലും വൈദ്യശാലകൾ, മരുന്നുവാങ്ങിക്കൊണ്ടുപോകുന്ന ലക്ഷോപലക്ഷം പാവങ്ങൾ, വൈദ്യശാലക്കാരുടെ പട്ടികപ്പകിട്ടിലകപ്പെട്ടു് ആയുസ്സും പണവും നശിപ്പിക്കുന്ന കോടി കോടി ദുർഭഗന്മാർ. എന്തൊരു ചിത്രം! എത്ര ദയനീയം!!

ചുററുപാടും ഒന്നു കണ്ണോടിച്ചുനോക്കുക. മനുഷ്യൎക്കുണ്ടാകുന്ന ഏതൊരു രോഗത്തിന്നാണ് ഡസൻ ഡസൻ കണക്കിൽ, ദിവ്യൌഷധങ്ങൾ, കൈകണ്ട ദിവ്യൌഷധങ്ങൾ, സിദ്ധൌഷധങ്ങൾ, ഒന്നാംതരം സിദ്ധൌഷധങ്ങൾ കണ്ടുപിടിച്ചു പരസ്യംചെയ്തിട്ടില്ലാത്തതു്. ഏതു തീരാവ്യാധിക്കുമുണ്ടു് സിദ്ധൌഷധം. പോരെങ്കിൽ ഈയിടെയായി കത്തിവെപ്പും, കുത്തിവെപ്പുംകൂടി തുടങ്ങിയിരിക്കുന്നു. ആ സ്ഥിതിക്ക് ഇത്രയധികം ജനങ്ങൾ ഇത്രവളരെ രോഗങ്ങൾ പിടിപെട്ടു കഷ്ടപ്പെടുവാനും അകാലത്തിൽ മരിക്കുവാനും കാരണമെന്തു്? വേണ്ടെടത്തോളം മരുന്നു കഴിക്കാത്തതിനാലാ

ണ്ട് രോഗം മാറാത്തതെന്നു പക്ഷെ പറയുമായിരിക്കാം. അതാണ് അതിലേറെ ചിത്രം. മിക്കവാറും ദേശങ്ങൾതോറും ആശ്ശുപത്രികളും തെരുവുകൾതോറും വൈദ്യശാലകളും വീടൊന്നുക്ക് രണ്ടും മൂന്നും വൈദ്യന്മാരും ഇപ്പോഴുണ്ട്. ഓരോ വൈദ്യശാലയിലും ആശ്ശുപത്രിയിലും മരുന്നിന്റെ ചെലവു പൂൎവ്വാധികം വൎദ്ധിച്ചുവരുന്നതും ഉണ്ട്. ഒരു സിദ്ധൌഷധക്കാരൻ, തന്റെ മരുന്നു പ്രതിവൎഷം അറുപതുലക്ഷം പെട്ടിവീതം ചെലവാകുന്നു എന്ന് അഭിമാനിക്കുന്നു. ദിവസേന മൂന്നുനേരവും മരുന്നുകഴിക്കാത്ത രോഗികളും ഇല്ല. ഇതുകൊണ്ടൊന്നും മരുന്നുസേവ മതിയാകുന്നില്ലെങ്കിൽ രോഗികളുടെ ആഹാരംതന്നെ മരുന്നാക്കിയാലും മതിയാകയില്ലെന്നു വന്നേക്കാവുന്നതേയുള്ളു.

എന്നാൽ രഹസ്യം ഇതൊന്നുമല്ല. മരുന്നുകൾ വേണ്ടതിൽ വളരെ അധികം കഴിക്കുന്നു എന്നുള്ളതാണു പരമാൎത്ഥം. ഒരു രോഗത്തിന്നു ഒരു മരുന്നു കഴിക്കുമ്പോൾ പത്തുരോഗങ്ങൾ വേറെ ഉണ്ടാകുകയായി. പിന്നെ ഔഷധംകൊണ്ടു രോഗം മാറുന്നതെങ്ങിനെ. നമ്മുടെ ഇന്നത്തെ ജീവിതം ദ്രുതഗതിയിലുള്ള ഒരു കാലഘട്ടത്തിലാണ്. അൎദ്ധപാനം, മനഃശല്യം ഇവ ഇന്നത്തെ കാലത്തിന്റെ പ്രധാന ലക്ഷണങ്ങളത്രെ. അതിനാൽ അനഭിലഷണീയമായിരിക്കുന്ന ഇന്നത്തെ ഈ അവസ്ഥയ്ക്കു് ഒരു സമാധാനം കണ്ടുപിടിക്കേണ്ടതു് എത്രയും ആവശ്യംതന്നെ. ഇതിലേക്ക് "ഔഷധം" എന്നാണ് എവിടെനിന്നും കേൾക്കുന്ന നിലവിളി. ഏതിനും ഏതിന്നും എങ്ങും എപ്പോഴും "മരുന്നു"തന്നെ. പരമാൎത്ഥത്തിൽ ഇന്നത്തെ ഈ ദയനീയാവസ്ഥയുടെ ഏകജനയിതാവു് ഇതൊന്നുമാത്രവും ആകുന്നു.

"മററു നിവൃത്തിയെന്താ?" എന്നു വല്ലവരും ചോദിക്കുന്നു എങ്കിൽ ആ ചോദ്യത്തിന്നു "മൃഗങ്ങൾക്കു രോഗംകൂടാതെ ജീവിക്കുവാൻ സാധിക്കുന്നതെങ്ങിനെ?" എന്ന മററൊരു ചോദ്യംതന്നെയാണ് സമാധാനം. അവ വിശ്രമിക്കുന്നു, പ്രകൃതിക്കനുസരണമായി ജീവിക്കുന്നു, അവയ്ക്കുള്ളിലുള്ള ഏതോ ഒരു ശക്തിവിശേഷം രോഗനിവാരണം വരുത്തുകയുംചെയ്യുന്നു. ഈ ശക്തിവിശേഷത്തെ കുറിക്കുന്നതിന്നു ശരിയായ ശബ്ദം ഇല്ലാത്തതുകൊണ്ടു് നമുക്കു് അതിനെ തല്ക്കാലം "പ്രകൃതി" എന്നുതന്നെ പറയാം. ഇങ്ങിനെ പ്രകൃതിയും വിശ്രമവുംതന്നെയാണ് അവക്കു് സഹായം. മനുഷ്യനൊ? ബുദ്ധിയുള്ള മനുഷ്യനൊ? ഈശ്വരസൃഷ്ടങ്ങളായ ജീവരാശികളുടെ മുന്നണിയിൽ സ്ഥിതിചെയ്യുന്ന മനുഷ്യനൊ?—മൂക്കൊന്നു വിയൎത്താൽ ഒരു കുപ്പിയും കയ്യിലാക്കി ഡാക്കരുടെ അടുക്ക

ലേയ്ക്കു് ഓടുകയായി. അവിടെ എത്തിയാൽ, ഒരു സങ്കോചവുമില്ല, താമസവുമില്ല; കുപ്പിനിറയെ "വിഷദ്രാവകം" കയ്യിൽ പിടിപ്പിച്ചുകഴിയും. അതിൻെറ സേവയും, ശരീരത്തിലെ ഘടകപദാർത്ഥങ്ങളുടെ സാമ്യാവസ്ഥയ്ക്കു ഭേദം സംഭവിക്കുവാനുള്ള പുറപ്പാടും ഒന്നായി ആരംഭിച്ചുകഴിയും. വിശ്രമത്തെപ്പററിയുള്ള ചിന്ത തന്നെ അവസാനത്തെ കയ്യാണു്. നിവൎന്നുനില്ക്കുവാൻ സാധിക്കാതെ പിരണ്ടുവീഴുവാൻ തുടങ്ങുമ്പോഴാണു് വിശ്രമത്തെപ്പററിയുള്ള ആലോചന കൊണ്ടുപിടിക്കുന്നതു്. അതിരിക്കട്ടെ.

ഊൎജ്ജസ്വലതയെ സൃഷ്ടിക്കുവാനും, നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കുവാനും, ശരീരബന്ധത്തിൽ സ്ഥലംപിടിച്ചിരിക്കുന്ന രോഗത്തെ ഉന്മൂലനംചെയ്യുവാനും ഔഷധങ്ങളെക്കൊണ്ടു് ഒരിക്കലും സാധിക്കുകയില്ല. ഇതു് ബുദ്ധിമാന്മാരായ ഭിഷഗ്വരന്മാൎക്കെല്ലാം അറിവുള്ള സംഗതിയും ആകുന്നു. പക്ഷെ, അവർ തന്നെ ഒന്നിലേറെ കാരണങ്ങളാൽ ആ പരമാൎത്ഥത്തെ പുറത്തുവിടുന്നില്ലെന്നേയുള്ളു. സ്ഥലമാററവും വിശ്രമവും ഉപദേശിക്കുന്ന ചികിത്സകന്മാർ ദുൎല്ലഭമായിരിക്കുന്നതിനാലും ഉപദേശിച്ചാൽത്തന്നെ ആ ഉപദേശത്തെ സ്വീകരിക്കുവാൻ തയ്യാറുള്ള രോഗികൾ അതിലും ദുൎല്ലഭമായിരിക്കുന്നതിനാലും ആ ഭാഗത്തെപ്പററി ഇവിടെ ഇതിലധികം ഒന്നും തല്ക്കാലം ചിന്തിക്കണമെന്നു് വിചാരിക്കുന്നില്ല.

ആരോഗ്യത്തെ സംരക്ഷിക്കുവാനും നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുക്കുവാനും പ്രകൃതിതന്നെ പലപല ഏൎപ്പാടുകളും ചെയ്തുവച്ചിട്ടുണ്ടു്. ഇതിന്നു് അത്ര വളരെ ശ്രമവും, അത്യദ്ധ്വാനംചെയ്തുണ്ടാക്കുന്ന ധനത്തിൻെറ വ്യയവും, ആവശ്യമായിരിക്കുന്നതുമില്ല. എന്നിട്ടും എത്രഎത്ര ആയിരം ജനങ്ങളാണു് ഇന്നു് ആരോഗ്യമില്ലാതെയും രോഗത്തിന്നടിമപ്പെട്ടും കഷ്ടപ്പെടുന്നതു്! എത്ര എത്ര പണമാണു്, യഥാൎത്ഥത്തിൽ ഗുണത്തേക്കാൾ അധികം ദോഷംചെയ്യുന്ന ഔഷധങ്ങൾക്കായി ചെലവാക്കുന്നതു്!

ലോകപ്രസിദ്ധമായ റോമാപുരിയിൽ, ഏകദേശം അറുനൂറു കൊല്ലങ്ങൾക്കുമുമ്പു് വൈദ്യന്മാരെന്ന ഒരു വകക്കാരേ ഉണ്ടായിരുന്നില്ല. റോമാക്കാർ അക്കാലത്തു് ലോകത്തിലെ അതിശക്തന്മാരായ വൎഗ്ഗക്കാരായിത്തീൎന്നതു് വെള്ളം, വെളിച്ചം, വ്യായാമം ഇവയെമാത്രം ആശ്രയിച്ചും മിതമായും ജീവിച്ചതുകൊണ്ടാണു്. എന്നാൽ പ്രകൃതിയുടെ മനോഹരമായ ഈ അനുഗ്രഹങ്ങളെ അനാദരിച്ചും അവഹേളിച്ചുംകൊണ്ടു് അവരുടെ ശ്രദ്ധ ഏതൊരവസരത്തിൽ അമിതവും കൃത്രിമവും ആയ ജീവിതത്തിലേയ്ക്കു് തിരിഞ്ഞു

വോ, അന്നുമുതൽ അവർ അപൽക്കരവും വിഷകരവും ആയ ഔഷധങ്ങളുടെ അടിമകളായും അതുനിമിത്തം അധോഗമനത്തിന്നു് ആരംഭിച്ചവരായും തീൎന്നു.

ഔഷധപരിശീലനംകൊണ്ടുണ്ടാകുന്ന മഹാദോഷഫലങ്ങളെ ഇന്നു് സൎവ്വരും ഒരുപോലെ സശിരഃകമ്പം സമ്മതിക്കുന്നുണ്ടു്. മരുന്നു് നല്ലതാണെന്നും ഗുണകരമാണെന്നും പറയുന്നവരായി ഇക്കാലത്തു് ഏതാനും ഔഷധവിഷപ്രയോഗികളായ വൈദ്യന്മാരെയും ഔഷധവിഷവ്യാപാരികളായ വൈദ്യശാലക്കാരെയും അവരെ ആശ്രയിച്ചുനില്ക്കുന്ന ഏതാനും കൎണ്ണജപന്മാരെയും അല്ലാതെ മററാരേയും കാണുകയില്ല. ഔഷധങ്ങളുടെ നിഷ്പ്രയോജനതയെപ്പററിയും അവ വരുത്തിവെയ്ക്കുന്ന അനിഷ്ടഫലകോടികളെപ്പററിക്കൂടിയും മഹാമഹായോഗ്യന്മാരും സൎവ്വസമ്മതന്മാരുമായ ഭിഷഗ്വരന്മാരും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ അനേകായിരം ഭാഗങ്ങൾ നിറയെ, വേണമെങ്കിൽ, ഉദ്ധരിക്കുവാനുണ്ടു്. ഔഷധങ്ങൾ ഉപയോഗിക്കുവാൻ അജ്ഞന്മാരായ ജനങ്ങൾ ഉണ്ടായിരിക്കുന്നേടത്തോളംകാലം അവരുടെ കയ്യിൽനിന്നു് പണം തട്ടിയെടുക്കുവാൻ ദുരാഗ്രഹകുക്ഷികളായ ഔഷധശാലക്കാരും അവരുടെ കൂട്ടുകെട്ടുകാരായ വൈദ്യന്മാരും ഉണ്ടാകാതിരിക്കയില്ല. ഔഷധവിഷപ്രയോഗംനിമിത്തം ഉണ്ടായിത്തീരുന്ന ആപത്തുകൾ എന്തെല്ലാമാണെന്നും എത്രയെല്ലാമാണെന്നും വിവരമായി അറിയുവാൻ ആഗ്രഹിക്കുന്നവർ ഔഷധവിഷപരിശീലനംകൊണ്ടു് രോഗം വൎദ്ധിച്ചും, ഔഷധവിഷപ്രയോഗികൾ ഇച്ഛാഭംഗത്തോടെ കയ്യൊഴിച്ചുംവന്ന രോഗികളെ പ്രകൃതിചികിത്സകൊണ്ടു് അനായാസേന സുഖപ്പെടുത്തിയ അനേകായിരം അത്ഭുതചരിത്രങ്ങൾ ശ്രദ്ധിച്ചു് വായിച്ചുനോക്കട്ടെ. ഔഷധവിഷപ്രയോഗമെവിടെ! പ്രകൃതിചികിത്സയെവിടെ!!

അതിനിപുണനായ ഒരു പ്രകൃതിവൈദ്യനാണു് ആദിത്യൻ. ആ വൈദ്യന്റെ ഔഷധങ്ങൾ സ്വന്തകിരണങ്ങളും ഔഷധപ്പെട്ടി ലോകവും ആകുന്നു. മനുഷ്യൻ ഈ മഹാവൈദ്യനേയും അദ്ദേഹത്തിന്റെ മഹൌഷധങ്ങളേയും ശരണംപ്രാപിക്കുവാൻതുടങ്ങിയാൽ ഇന്നത്തെ "മുറിക്കുന്തക്കാർ" എല്ലാം "ശൂമ്മാ" ഇരിക്കേണ്ടതായും അവരുടെ ആതുരശാലകളെല്ലാം എന്നെന്നേയ്ക്കുമായി അടച്ചുപൂട്ടേണ്ടതായും മരുന്നുവ്യാപാരികൾ അവരുടെ "ഫാർമസി"കളെ കേവലം തരിശിടേണ്ടതായും വരും. അവരുടെ പിട്ടും പകിട്ടുമെല്ലാം അസ്തമിക്കുകയും ചെയ്യും.

# ഒരു ബാലിക.

(നിരണം നാരായണക്കുറുപ്പ്.)

നീലവേണിയിൽ മണംപെറുന്നപൂ-
മാലചേലൊടു ധരിച്ചനാമയം,
ലോലലോചനകളാൽപരീതയായ്
ലാലസിക്കുമമലാംഗിയാരിവൾ! ൧

നല്ലകാന്തിഭരമാന്നു മോദമാ-
യുല്ലസൽപരിമളംപൊഴിച്ചുരം,
ഫുല്ലസൂനനിവഹങ്ങൾ തൻനടു-
ക്കുല്ലസിപ്പൊരുപനീർപ്രസൂനമോ? ൨

പേടമാൻമിഴിയിവൾ, പ്രഭാഭരം
തേടിടുംലതകളാൽ പരീതയായ്,
കേടകന്നമലർചൂടിയേററമി-
ന്നീടുവോരു മൃദുമുല്ലവല്ലിയോ? ൩

ബാലസൂരകരമേററിളംചെമ-
പ്പേലുമക്കവിളണിക്കരിംകുഴൽ
ലോലനായ പുലർകാലമാരുതൻ
ലീലയാ തഴുകിടുന്നു സഭ്രമം. ൪

ജാതമോദമൊടുസൽസുമത്തുവിൽ
സ്ഫീതരമ്യപികനാരിപോലവേ,
പൂതസമ്മദമിയററിടുന്ന സം-
ഗീതമാധുരിപൊഴിപ്പു ബാലിക. ൫

അന്തികത്തിലമരുംജനങ്ങൾതൻ-
ന്നന്തരംഗമമിതം കുളിർക്കവേ,
സന്തതാമലരുചിസ്മിതോല്ലസൽ-
ക്കാന്തിധാരചൊരിയുന്നു സുന്ദരി. ൬

ശാന്തമായ് വിമലമായ്ഗളിച്ചിടും
കാന്തഗാനമകരന്ദധാരയാൽ
ബന്ധുരാധരി, മനോജ്ഞമായ്മമ
സ്വാന്തമാകവെ വശീകരിപ്പതേ! ൭

# കലാകാരൻ.

(എ. കേശവപിള്ള.)

പ്രകൃതിയെ സൂക്ഷ്മമായി അവലോകനം ചെയ്യുന്നതിനുള്ള ഹൃദയവികാസം, നിർഭാഗ്യവശാൽ എല്ലാരിലും കാണപ്പെടുന്നില്ലെന്നത്രേ, ഒരു കലാകാരനും അഗാധചിന്തകനുമായ യാങ്-ഒസാക്ക്കിറോ എന്ന ജപ്പാൻകാരൻ പറഞ്ഞിട്ടുള്ളത്. കിറോയുടെ അഭിപ്രായം തികച്ചും വാസ്തവമാകുന്നു. പ്രകൃതിശക്തിയുടെ എത്രയും ചെറിയ വശങ്ങളെപ്പോലും കണ്ടറിയത്തക്ക വൈദഗ്ദ്ധ്യമുള്ള കലാകാരന്മാർ വളരെ ചുരുക്കമായിട്ടേ കാണാറുള്ളു. ഒരു സാഹിത്യകാരനോ, ചിത്രകാരനോ എപ്പോഴും കലാകാരനായിരുന്നു എന്നു വരുന്നതല്ല. അങ്ങനെയുള്ളവർ അവരുടെ തൊഴിലിൻെറ വിജയത്തിനു നിദാനമായ അഭ്യസനം മാത്രമേ പ്രകൃതിയിൽ നടത്തുന്നുള്ളു. ഒരു യഥാൎത്ഥ കലാകാരൻ മുൻപറഞ്ഞ വിധത്തിലുള്ള ഒരഭ്യസന പരിപാടിയിൽ ഒതുങ്ങിനിൽക്കുവാൻ പാടില്ല. ഏതെങ്കിലും വസ്തുക്കളെയോ പദാൎത്ഥങ്ങളെയോ ഭരിക്കുന്ന ഒരു ശക്തിവിശേഷം (Mystic Power) ഉള്ളതിനെ കണ്ടറിയത്തക്ക ജ്ഞാനം ഉള്ളവൻ മാത്രമേ യഥാൎത്ഥ കലാകാരനാകുന്നുള്ളു. മുൻപറഞ്ഞവിധത്തിലുള്ള ശക്തി (Mystic Power) ഇല്ലാത്തതൊന്നുംതന്നെ "കല" എന്ന വിസ്തൃതമായ പരിസരണിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലെന്നത്രേ റസ്കിൻ തുടങ്ങിയ വിശ്രുതകലാകാരന്മാർ പറഞ്ഞിട്ടുള്ളത്.

സൌന്ദര്യം ആസ്വദിക്കുന്നത് കലയാകുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ സൌന്ദൎയ്യാസ്വാദനം നടത്തിയിട്ടുള്ള പലരേയും കലാകാരന്മാരായി വിചാരിച്ചു ആരാധിക്കുവാൻ ലോകം വിധേയമായിരുന്നു. എന്നാൽ ഇന്നു ഭൂതകാലത്തോടുള്ള ഒരു പോരിനു വിളിയാണു നടക്കുന്നത്. കലയെ പരിപോഷിപ്പിക്കുന്ന ബാഹ്യശക്തികളെയോ, അവയെ പരിലസിപ്പിക്കുന്ന സൌന്ദൎയ്യാകൎഷണീയതയെയോ കണ്ടറിയുക എന്നുള്ള ഭൂതകാലകലാകാരൻെറ കൃത്യം ഇന്നു വളരെ കട്ടപ്പമുള്ള ഒരു പരിപാടിയിലേക്കു കടന്നുപോയിക്കഴിഞ്ഞിരിക്കുന്നു. ഇന്നു ഗൂഢാൎത്ഥശക്തി (Mystic Power) യെ നിൎവ്വചിച്ചറിഞ്ഞതുകൊണ്ടു മാത്രമായില്ല, കലയെ ഭരിക്കുന്ന ചലനഗ്രസ്തമായ, വികാരോദ്യോതകമായ ശക്തിയെ (Power of moving of Arts) പ്രത്യേകം പരിച്ഛേദിച്ചറിയേണ്ടതായുമിരിക്കുന്നു.

ഒരു ശാസ്ത്രജ്ഞനോ സാഹിത്യകാരനോ പ്രസ്തുത പരിച്ഛേദനശക്തി ഉണ്ടായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ ഇങ്ങനെ കലയെ ഭരിക്കുന്ന ശക്തി ശാസ്ത്രമോ സാഹിത്യമോ അല്ല; പ്രത്യുത പ്രകൃത്യാ ഉള്ള ഒരു വാസനയാകുന്നു. അതുകൊണ്ട് വ്യത്യസ്തരായ ചില അനുഗൃഹീതന്മാൎക്കല്ലാതെ കലയെ സംബന്ധിച്ചുള്ള ഈ ജ്ഞാനം ഉണ്ടായി എന്നു വരുന്നതല്ല.

ഹൃദയവിശാലത ഒരനുഗൃഹീതാവസ്ഥയാകുന്നു. കലാകാരൻ യഥാൎത്ഥഹൃദയവിശാലതയുള്ളവനായെങ്കിലേ പ്രസ്തുതമായ നിൎവ്വചനരൂപത്തിൽ കലയെ കണ്ടറികയുള്ളു. അങ്ങനെയുള്ളവൻ ചിതൽപ്പുററിലോ, ശുഷ്കശാല്മലീവൃക്ഷത്തിൽ കിളുൎത്തുനില്ക്കുന്ന കുമിളുകളിലോ പ്രകൃതിസൌന്ദൎയ്യവും കലയും കണ്ടെന്നുവരാം! അവയിൽ ചിത്രവും സാഹിത്യവും ശാസ്ത്രവും ഒരേ സമയത്തു ദൎശനം ചെയ്യുവാൻ കലാകാരനു സാധിക്കും. സാഹിത്യകാരൻ കാണുന്നിടത്തു കലാകാരൻ കാണുന്നതു പലതുമായിരിക്കും! പലരുടെയും സാഹിത്യശ്രമങ്ങൾ പരാജയത്തിൽ അണ്ടുപോകുന്നതു കലാപരമായ ഈ ദൎശനശക്തി ഇല്ലാത്തതുകൊണ്ടു മാത്രമാകുന്നു. സാഹിത്യകാരന്മാരല്ലാത്ത പലരും പലപ്പോഴും, അവരുടെ ചില കൃതികൾമൂലം മേന്മ സമ്പാദിക്കുന്നതു് അക്കൂട്ടൎക്കു സാഹിത്യശക്തികുറവാണെങ്കിലും, പ്രകൃതിയുടെ സത്യസൌന്ദൎയ്യങ്ങളെ ആസ്വാദിക്കുന്നതിനുള്ള കലാജ്ഞാനം ഉള്ളതുകൊണ്ടാകുന്നു.

കലകൾ (Arts) മനുഷ്യൻെറ ആസ്വാദനശക്തിയെ വളൎപ്പിക്കുന്നു. എന്നാൽ മനുഷ്യനെ പ്രസ്തുത ആസ്വാദനം നിരാശയിലേക്കും, കഠിനകദനത്തിലേക്കും കൊണ്ടുപോകുന്നു എന്നത്രേ, യാങ് ഒസാക്ക്കിറേറാ പറയുന്നതു്. സാഹിത്യം ആസ്വദിക്കുമ്പോളുള്ളതു ഹൃദയനിൎവൃതിയോ പരമാനന്ദാനുഭൂതിയോ കലാദൎശനത്തിൽ ഉണ്ടാകുകയേ ഇല്ല എന്നത്രേ യാങ് ഒസാക്കിൻെറ അഭിപ്രായം. എന്തുകൊണ്ടെന്നാൽ പ്രകൃതിയെപ്പററി അടുത്തു പരിചയിക്കുന്ന കലാകാരൻ, പ്രകൃതിയുടെ ബാഹ്യമായ ഭൂരിശോഭയെ കാണുന്നു എന്നതിൽ വിരമിക്കാതെ, പ്രകൃതിവസ്തുക്കളുടെ അഗാധമായ ഗൂഢാൎത്ഥതയിലേക്കു പാഞ്ഞുചെന്നു പല വിവരങ്ങളെയും ദൎശിക്ക നിമിത്തമത്രേ കലാകാരൻ കദനപ്പെടുന്നതെന്നു വന്നുകൂട്ടുന്നു! കലാകാരൻ എപ്പോഴും പരിണാമത്തെ (evelution) പ്പററി ചിന്തിക്കുവാൻ ബാദ്ധ്യസ്ഥനത്രേ. സാഹിത്യകാരൻ ഉത്ഭവത്തെയോ, വികാസത്തെയോ പറ്റിചിന്തനം ചെയ്തു ആസ്വദിച്ചു വിരമിക്കുമ്പോൾ കലാകാരൻ ആ പടിയിലെങ്ങും നിൽക്കാതെ വളൎച്ചയിൽ ചിന്തിച്ചു നാശത്തെ ദൎശനംചെയ്യുന്നു. അതിൻെറ ഭര

ണകർത്തൃത്വം വഹിക്കുന്ന ശക്തിവിശേഷങ്ങളുമായി പരിചയപ്പെട്ട് അവററയുടെ അവസാനത്തെ അവലോകനംചെയ്തു അങ്ങു വിരമിക്കയത്രേ കലാകാരൻെറ ജോലി. ഈദൃശപരിണാമചിന്തയത്രേ കലാകാരനെ ദുഃഖിപ്പിക്കുന്നത്!

ഒരു കണക്കിനു കലാകാരൻ നിർഭാഗ്യനാകുന്നു. ലോകത്തിൻെറ ക്ഷണികമായ നാശത്തേയും, ആ പടിയെപ്പററിയുള്ള ചിന്ത കൂടാതെ വളൎന്നുകൊണ്ടിരിക്കുന്ന അജ്ഞാനഗ്രസ്തമായ അവസ്ഥയേയും പററി വിജ്ഞാനനിധിയായ കലാകാരൻ ദർശനംചെയ്യുന്നു. ഇങ്ങനെയുള്ള പരസ്പരവൈരുദ്ധ്യമായ അവസ്ഥയെപ്പററി തുലനംചെയ്യുമ്പോൾ ഏതുവിധത്തിലുള്ള സൌന്ദൎയ്യവും കൊടിയ വിസ്മൃതിയിൽ അവസാനിക്കുന്നതായി കലാകാരനു ബോദ്ധ്യപ്പെടുന്നതാകുന്നു. ഈ അറിവു കലാകാരനെ മന്ദീഭവിപ്പിക്കയും വ്യസനത്തിൽ അകുകയും ചെയ്യും. ഭൂതകാലകലാകാരന്മാർ കലയുടെ ബാഹ്യസൌന്ദൎയ്യത്തിൽ മാത്രം ആസ്വദിച്ചു കഴിഞ്ഞിരുന്നതായി മുമ്പു പറഞ്ഞുവല്ലോ. ഇന്നാകട്ടെ അന്തർലീനമായ ശക്തികളെ വ്യവച്ഛേദിച്ചറിയുവാൻ ബാദ്ധ്യസ്ഥനായ കലാകാരൻ ആസ്വാദനത്തിൽ ലയിച്ചിരുന്നു പോകുന്നില്ല. കഴിഞ്ഞ കാലത്തോടുള്ള ഒരു സമരാഹ്വാനം തന്നെ ഈ വിഷയത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

പച്ചച്ചിറകുകൾ വിടൎത്തിക്കൊണ്ടു് ഒരു ശുകം പാടിക്കൊണ്ടിരിക്കുന്ന അവസ്ഥയെ കവി ചിത്രീകരിക്കുന്നു. ആ ഗാനാലാപത്തെ ചിത്രീകരിച്ചിട്ടു കവി മറഞ്ഞുകളയും. കലാകാരൻ ഗാനാവസാനം മുതൽ ശുകത്തിൻെറ പരിനിർവാണംവരെയുള്ള അവസ്ഥയെ ചിത്രീകരിക്കുവാൻ ബാദ്ധ്യസ്ഥനായിത്തീൎന്നവനാകയാൽ, ഇത്ര മനോവശ്യഗാനം ചെയ്യുന്ന ഈ ഓമനസൃഷ്ടി ഒടുവിൽ മരണം എന്ന അന്ധകാരത്തിൽ ആണ്ടുപോകുന്നല്ലോ എന്നത്രേ മനസ്സിലാക്കുന്നതു്! കവിക്കു ഇതറിയേണ്ട ആവശ്യം ഇല്ല. വിടൎന്നുനിന്നു ചുററുപാടും പരിമളം പടൎത്തുന്ന പനിനീർപുഷ്പം കണ്ടു കവി അതിൻെറ കോമളത്വത്തെ ഗാനം ചെയ്തവസാനിപ്പിക്കുന്നു. ചിത്രകാരൻ ഇലകളാൽ ഒട്ടൊട്ടു മറഞ്ഞു നില്ക്കുന്ന ആ സുമത്തിൻെറ സൌന്ദൎയ്യത്തെ ചിത്രീകരിക്കുന്നു! കലാകാരൻ ആ ഗാനം ശ്രവിക്കയും, ആ സൌന്ദൎയ്യം ദർശിക്കയും ചെയ്തുകൊണ്ടു് തെല്ലുനേരം കഴിഞ്ഞു അതിൻെറ പരിമളധോരണി സംകോചിക്കുന്നതു മുതൽ അതു മദ്ധ്യാഹ്നസൂൎയ്യാതപത്തിൽ ചുക്കിച്ചുളിഞ്ഞു സായംകാലത്തിൽ ദലം കൊഴിഞ്ഞു, പിറേറന്നു് അങ്ങനെയൊരു പൂവേ ഉണ്ടായിരുന്നില്ല എന്നുള്ള അവസ്ഥവരെ കണ്ടെത്തുന്നു. കവിയുടെയും ചി

ത്രകാരന്റെയും ദർശനപരിസരണിയെ അതിക്രമിക്കുന്ന കലാകാരൻ ഇങ്ങനെയുള്ള പരിനിർവ്വാണാവസ്ഥയെപ്പററി മുക്തകണ്ഠം ശോചിച്ചുപോകുന്നു!!

ഈ സംഗതികളാലൊക്കെയാണ് കലാകാരൻ നിർഭാഗ്യനെന്നു പറഞ്ഞതു്. ഇതൊക്കെ നിർഭാഗ്യമാണെന്നു വരികിലും പ്രകൃതിശക്തിയുമായി യഥാർത്ഥകലാകാരൻ അടുത്തു പെരുമാറുകമൂലം ഉത്ഭവം മുതൽ നാശംവരെ ഒന്നായി ദർശനം ചെയ്യുവാൻ സാദ്ധ്യമാകുന്നു എന്നുള്ള വിശേഷത കലാകാരനുണ്ടു്. ഈ കഴിവു് ഇല്ലാത്തവർ യഥാർത്ഥകലാകാരന്മാരാകുന്നതേ അല്ല! അതുകൊണ്ടത്രേ സാഹിത്യകാരന്മാർ കലാകാരന്മാരാകത്തതു്. പ്രകൃതിയെ അപ്പടി കണ്ടറിയത്തക്ക മഹാഭാഗ്യം കലാകാരനു മാത്രമേ ഉണ്ടാകുന്നുള്ളു എന്നുള്ള മഹാവിശേഷത മററുള്ളവരെ അപേക്ഷിച്ചു അവനുണ്ടു്. എന്നു മാത്രവുമല്ല, ആ ശക്തി എല്ലാരിലും കാണപ്പെടുന്നില്ലാത്തതിനാൽ കലാകാരനെ ലോകം പ്രത്യേകമായി എണ്ണപ്പെടേണ്ടതുമാകുന്നു എന്നുംകൂടി യാങ്-ഒസാക്കിന്റോ സിദ്ധാന്തിക്കുന്നുണ്ടു്.

---

## "പാരാവാരമേ നമസ്കാരം."

---

(പരവൂർ, പി. ഗോവിന്ദപ്പിള്ള,)

(കേക.)

അംബുധേ! സരിൽപ്പതേ! ജലധേ! വാരാന്നിധേ!
വാരിധേ! പയോനിധേ! സാദരം നമസ്കാരം.
ഇരമ്പീട്ടനുകലംകുതിച്ചു മുന്നോട്ടാഞ്ഞു
തരിമ്പും ഭയമെന്യേ എതിർക്കുന്നുനിൻ സീമ.
പിന്നോക്കം വെമ്പിഗ്ഗമിക്കുന്നു നീ മുററും; ഭയ-
മെന്നൊന്നുകൊണ്ടല്ലതിൻ ഹേതു സന്തതം ദൃഢം
നിമിഷാർദ്ധത്തിന്നുള്ളിൽ ഭൂമിയെവെണ്ണീറാക്കി-
ച്ചമയ്ക്കും വൻപീരങ്കീ കദംബം നിറഞ്ഞുള്ള
പടക്കപ്പലുകളെ കളിപ്പാട്ടമെന്നെണ്ണി
ഉടച്ചുപൊടിച്ചെടുത്തകലെക്കളയുന്നു!
മേദിനീതന്നെനാശോന്മുഖമാക്കിടും മർത്ത്യ-
പാദസ്പർശംപോലും നീ ഏല്ക്കയില്ല, പ്രത്യുത
വേപഥുഗാത്രനാക്കി മാറിടെനിന്നു ഭവാൻ
താപഹീനം വാനിലേയ്ക്കൂറിട്ടഹോ! ക്ഷണം

വീണ്ടുമാപതിപ്പിച്ചു വിമഥിച്ചുവരനെ നീ
കൊണ്ടുചെന്നെറിയുന്നു വല്ലതീരത്തെങ്കിലും.
എത്രയോ സിദ്ധാൎത്ഥരെ, ശങ്കരാചാൎയ്യന്മാരെ,
എത്രയോ തുഞ്ചന്മാരെ ക്കണ്ടീലമുന്നേ ഭവാൻ!
സഗരൻ സംജാതനാക്കിയനാൾതൊട്ടുനീയി-
ജ്ജഗൽ സാക്ഷിയായ തീൎന്നിതത്ഭുതം! സാഗരമെ.
ചരിത്രപ്രാധാന്യതമമേലും സംഭവങ്ങൾ നീ
കുറിച്ചെങ്കിലിന്നെത്ര വാല്യങ്ങൾ ലഭിച്ചേനെ.
അഹഹ! മാനുഷരും ഖഗമൃഗാദികളും
അഹിതൊട്ടുള്ളോരിഴജന്തുക്കളഖിലവും
വാൎദ്ധക്യം പിടിപെട്ടു-മൃതിതൻ വക്ത്രത്തിങ്കൽ
സാദ്ധ്വസമൊടുനിപതിച്ചിടുന്നെന്നാകിലും
ഏവമാം വാൎദ്ധക്യത്തിൽ മിത്രനല്ലനീ, നിത്യ-
യൌവ്വനശ്രീയെന്തിലാലസിയ്ക്കും ധന്യൻ ഭവാൻ.
നിത്യവും പുലർകാലേ നിന്നിൽനിന്നല്ലോ മിത്ര-
നെത്രയും പ്രശാന്തനായ് വാനിലേയ്ക്കുയരുന്നു.
മേടമേൽ വസിപ്പോരു പ്രഭുക്കന്മാരും, ചെറു-
മാടത്തിൽ മേളിച്ചീടും പുലയക്കിടാങ്ങളും
മദമേറീടും ഹരി നിരയും പിപീലികാ-
കദംബങ്ങളും, വൃക്ഷതതിയും, തൃണങ്ങളും,
ഒരുപോലെന്നുനണ്ണി സമമായ്നിജതേജോ-
കരങ്ങളേകി, പുനരന്ത്യമാം,യഹസ്കരൻ,
വിശ്രമിപ്പതും തവ വക്ഷസ്സിലല്ലോ; ധ്രുവം
വിശ്രുതക്കെഴിലരു മെന്തുമേകില്ലെന്നുണ്ടോ!
സമസ്തചരാചരാന്തൎഭാഗേ വസിച്ചീടും
സമസ്താധിനാഥൻ തന്നദ്ദിവ്യതേജോരൂപം
ശാന്തമാൎന്നിടുമ്പൊഴും ക്ഷോഭമേന്തിടുമ്പൊഴും
പ്രതിബിംബിപ്പിച്ചിടും പ്രശസ്തമുകുരം നീ.
ഭീമജീവജാലസങ്കേതമാംഹ്രദം തവ
കോൾമയിർക്കൊള്ളുന്നമേ നിനയ്ക്കുമ്പൊഴിങ്ങഹ!
സൃഷ്ടി,രക്ഷ,ശിക്ഷകൾ നടത്തും മൂൎത്തേ! ഭവാ-
നിഷ്ടമല്ലെന്നാകിലീ വിഷ്ടപം നിലനിൽക്കാ.
നിൎമ്മഹതമാൎക്കഹോ! പ്രാപ്യമാം ഗുണാംബുധേ!
കല്മഷഹീനാ! "പാരാവാരമേ! നമസ്കാരം."

# ആയുർവ്വേദം.

(തുടർച്ച.)

(എം. എം. തമ്പി, മൂത്തകുന്നം.)

"മനശ്ശരീരയോസ്താപഃ പരസ്പരമനുവ്രജേൽ
ആധാരാധേയഭാവേന തപ്താജ്യഘടയോരിവ."

ജ്വരാദികളെ ശാരീരരോഗങ്ങളെന്നും ഉന്മാദാദികളെ മാനസികരോഗങ്ങളെന്നും സാധാരണ പറഞ്ഞുവരുന്നു. ഇതുകൂടാതെ രോഗങ്ങളെ നിജം, ആഗന്തുകം എന്നിങ്ങനെ രണ്ടായും തിരിച്ചിട്ടുണ്ട്. അപഥ്യാചരണത്താൽ ശരീരത്തിൻെറ അന്തർഭാഗത്തുതന്നെ ദോഷം വർദ്ധിച്ച് രോഗമായി പര്യവസാനിക്കുന്നതിനെ നിജം എന്നും പുറമേനിന്നു വരുന്ന അടി, ഇടി, വെട്ട്, വിഷം, വിഷവായു, ഭൂതം മുതലായതിനാൽ സംഭവിക്കാവുന്ന രോഗങ്ങളെ ആഗന്തുകം എന്നും പേർപറയുന്നു. സാംക്രമികരോഗങ്ങളെ ആഗന്തുകവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. കർമ്മജം, ദോഷജം, ദോഷകർമ്മജം എന്നിങ്ങനെയും രോഗങ്ങളെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. പൂർവ്വജന്മത്തിലോ പൂർവ്വകാലത്തിലോ ചെയ്തിട്ടുള്ള ദുഷ്കൃതംനിമിത്തം ഉണ്ടാകുന്ന കുഷ്ഠാദിരോഗങ്ങളെ കർമ്മജമെന്നു പറയുന്നു.

"ജന്മാന്തരകൃതംപാപം വ്യാധിരൂപേണജായതേ
തച്ഛാന്തിരൌഷധൈർദ്ദാനൈർജപഹോമാർച്ചനാദിഭിഃ"

എന്നിങ്ങനെ പ്രശ്നമാർഗ്ഗത്തിലും,

"ഹിംസാവിപ്രസ്വഭാര്യാഗമനമപിഗുരോർ-
ദുശ്ചികിത്സാപ്രയോഗൈർ-
വിശ്വസ്തേപുംസി ദൌഷ്ട്യാൽ ഗരളവിതരണം
കുഷ്ഠരോഗസ്യഹേതുഃ.

എന്ന് അതേ ഗ്രന്ഥത്തിൽ മറെറാരുഭാഗത്തും,

"ബ്രാഹ്മണാന്മാരയേദ്യസ്തു
സകുഷ്ഠീജായതേ നരഃ."

എന്ന് ആയുർവ്വേദഗ്രന്ഥങ്ങളിലും പറഞ്ഞുകാണുന്നു. ഇത്തരം രോഗങ്ങളെ പാപരോഗങ്ങൾ എന്നുപറഞ്ഞുവരുന്നു. പാപങ്ങൾ പലവിധത്തിൽ ഉണ്ടെങ്കിലും ദശപാപങ്ങൾക്കു പ്രാധാന്യം കല്പിച്ചിരിക്കുന്നു.

"ഹിംസമോഷണമന്യസ്ത്രീ
ഗമനം നുണവീണ്മൊഴി
കൊള്ളിവാക്കനൃതം ദ്രോഹ-
മീഷ്യനാസ്തികബുദ്ധിത.
പാപം പത്തിതു ചെയ്യൊല്ലാ
കായവാങ്മാനസങ്ങളാൽ.

ദോഷജം—പത്ഥ്യാചരണത്തിന്റെ ന്യൂനതയാൽ ദോഷങ്ങൾ കോപിച്ചുണ്ടാകുന്ന രോഗങ്ങൾ, അതായത് ഗുരുദ്രവ്യങ്ങളുടെ അമിതഭക്ഷണത്താൽ അജീൎണ്ണം പിടിപെടുന്നതും അജീൎണ്ണത്തിൽനിന്നും ജ്വരാതിസാരം മുതലായ രോഗങ്ങൾ ഉണ്ടാകുന്നതും ആകുന്നു.

ദോഷകൎമ്മജം—അല്പമായ അപത്ഥ്യാചരണത്താൽ മഹത്തായ രോഗമുണ്ടാകുന്നതിനെ ദോഷകൎമ്മജമെന്നു പറയുന്നു. അതീതജന്മദുഷ്കൃതവും ഇഹജന്മത്തിലെ അപത്ഥ്യാചരണവും സമ്മേളിച്ചുണ്ടാകുന്നതെന്നു സാരം. ഇനിയും രോഗശക്തിയുടെ താരതമ്യം അനുസരിച്ചു രോഗങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നു. അവ, സാദ്ധ്യം, കൃച്ഛ്രസാദ്ധ്യം, അസാദ്ധ്യം. ഔഷധപ്രയോഗത്താൽ എളുപ്പത്തിൽ മാറുന്നതിനെ സാദ്ധ്യം എന്നും വളരെ പ്രയാസപ്പെട്ടു മാററാവുന്നതിനെ കൃച്ഛ്രസാദ്ധ്യം എന്നും എന്തെല്ലാം ചെയ്താലും തീരെ മാറാത്തതിനെ അസാദ്ധ്യമെന്നും പേർ പറഞ്ഞുവരുന്നു. അസാദ്ധ്യരോഗത്തെ യാപ്യം, അനുപക്രമം എന്നു രണ്ടായി വിഭജിച്ചിട്ടുണ്ട്.

തീരെ വിട്ടുപോകാൻ പ്രയാസമായിട്ടുള്ളതാണെങ്കിലും നിഷ്കൎഷയായ ചികിത്സകൊണ്ടും പത്ഥ്യനിഷ്ഠയാലും വലിയ ഉപദ്രവങ്ങൾകൂടാതെ ആയുഷ്കാലത്തെ ദീൎഘിപ്പിച്ചുകൊണ്ടുപോകുന്നതിനെ യാപ്യം എന്നും ചികിത്സയില്ലാത്തതിനെ, അതായത് അറിയപ്പെട്ടിടത്തോളമുള്ള ചികിത്സയാലും പത്ഥ്യനിഷ്ഠകൊണ്ടും ഫലപ്പെടാത്തതിനെ അനുപക്രമമെന്നും പറഞ്ഞുവരുന്നു. വാതകുഷ്ഠാദികളെ അസാദ്ധ്യഗണനയിൽ ഉൾപ്പെടുത്തിവരുന്നു.

"വാതവ്യാധ്യശ്മരീകുഷ്ഠ-
മേഹോദരഭഗന്ദരാഃ
അൎശാംസി ഗ്രഹണീത്യഷ്ടൌ
മഹാരോഗാസ്സുദുസ്തരാഃ."

ഇനിയും രോഗത്തിന്നു സ്വതന്ത്രം പരതന്ത്രം എന്നു രണ്ടു പിരിവുകൾകൂടി ഉണ്ട്. സ്വതന്ത്രത്തിന്നു പ്രധാനം എന്നും പര

തന്ത്രത്തിന്നു് അപ്രധാനമെന്നും അൎത്ഥമാകുന്നു. ശരിയായ കാരണങ്ങളെക്കൊണ്ടു സമ്പ്രദായാനുസരണം പ്രധാനമായി ഉത്ഭവിക്കുന്ന രോഗത്തെ സ്വതന്ത്രം എന്നും സ്വതന്ത്രത്തിന്റെ അംഗമായി വരുന്ന രോഗത്തെ പരതന്ത്രമെന്നും പറഞ്ഞുവരുന്നു. ഉദാഹരണം— ക്ഷയം സ്വതന്ത്രം. അതുസംബന്ധമായി ഉണ്ടാകുന്ന പനി മുതലായ ഉപദ്രവങ്ങൾ പരതന്ത്രം. എന്നാൽ പനിതന്നെ പ്രധാനമായി വരുമ്പോൾ അതു സ്വതന്ത്രവും തൽസംബന്ധമായി ഉണ്ടാകുന്ന തലവേദന പരതന്ത്രവും എന്നിങ്ങനെയുള്ള വ്യത്യാസത്തെ ഗ്രഹിച്ചുകൊള്ളുകയും വേണം. സുശ്രുതൻ രോഗത്തെ അകെക്കൂടി മൂന്നായി വിഭജിച്ചിരിക്കുന്നു. അദ്ധ്യാത്മികം ആധിഭൌതികം. ആധിദൈവികം — എന്നിങ്ങനെ. ഇതിൽ ആത്മാവിങ്കൽ ഉള്ള കാരണത്താൽ ഉണ്ടാകുന്നതിനെ അദ്ധ്യാത്മികമെന്നു ഗണിക്കപ്പെട്ടുവരുന്നു. ഈ അദ്ധ്യാത്മികത്തെ ആദിബലപ്രവൃത്തം, ജന്മബലപ്രവൃത്തം, ദോഷബലപ്രവൃത്തം, എന്നിങ്ങനെ മൂന്നുതരത്തിൽ വിഭജിച്ചിരിക്കുന്നു.

ആദിബലപ്രവൃത്തം—ശുക്ലാൎത്തവാദി ബീജദോഷത്താൽ പാരമ്പൎയ്യവഴിക്കുവരുന്ന കുഷ്ഠാദിരോഗങ്ങൾ ഇതിനെത്തന്നെ മാതൃജം, പിതൃജം എന്നിങ്ങനെ രണ്ടുതരത്തിൽ വേൎതിരിച്ചിരിക്കുന്നു.

ജന്മബലപ്രവൃത്തം—ഗൎഭോൽപാദനത്തിനുശേഷവും പ്രസവിക്കുന്നതിനുമുൻപായും മാതാവിന്റെ അപഥ്യാഹാരവിഹാരത്താലും ദൌഹൃദം (യാക്കൂൺ) തീക്കാഞ്ഞതിനാലും ഉണ്ടാകുന്ന രോഗമാകുന്നു. ഒന്നു് വേണ്ടാത്തതിനെ ആചരിച്ചതുകൊണ്ടും ഒന്നു വേണ്ടതിനെ ആചരിക്കാഞ്ഞതുകൊണ്ടും ഉണ്ടാകുന്നു.

2. ആധിഭൌതികം—പുറമെയുള്ള ഭൂതങ്ങളിൽനിന്നുമുണ്ടാകുന്നതു്. ഇതിനെ സംഘാതബലപ്രവൃത്തമെന്നു പറയുന്നു. അന്യവസ്തുക്കളുടെ സംഘട്ടനം അല്ലെങ്കിൽ പ്രതികൂലസംസൎഗ്ഗം കൊണ്ടുണ്ടാകുന്നതെന്നൎത്ഥം. യുദ്ധം: അടിപിടി മുതലായ സാഹസകൎമ്മങ്ങളാലും പാമ്പു മുതലായ ദുഷ്ടജന്തുക്കളുടെ സംസൎഗ്ഗത്താലും ഉണ്ടാകുന്നതെല്ലാം ഈ വകുപ്പിൽ ഉൾപ്പെടുന്നതാകുന്നു.

3. ആധിദൈവികം—ഇതിനെ കാലബലപ്രവൃത്തം, ദൈവബലപ്രവൃത്തം, സ്വഭാവബലപ്രവൃത്തം എന്നിങ്ങനെ മൂന്നായി വേൎതിരിച്ചിട്ടുണ്ടു്.

1. കാലബലപ്രവൃത്തം—ശീതം ഉഷ്ണം കാറ്റു് വൎഷം മുതലായതിനാൽ ഉണ്ടാകുന്നതു്. ഇതിനെത്തന്നെ രണ്ടുതരത്തിൽ

വിഭജിച്ചിരിക്കുന്നു. അവ വ്യാപന്നർത്തുകൃതം അവ്യാപന്നർത്തുകൃതം എന്നിങ്ങനെ.

**വ്യാപന്നർത്തുകൃതം**—ഗ്രീഷ്മകാലത്തിൽ ഉഷ്ണം, വർഷകാലത്തിൽ മഴ ശിശിരകാലത്തിൽ തണുപ്പ് ഇവ സാധാരണധർമ്മം. ഇവ വേണ്ടവിധത്തിൽ ഇല്ലാതിരിക്കയോ വിപരീതമായി ഉണ്ടാകയോ ചെയ്യുമ്പോൾ ആ ഋതുവ്യാപന്നമായി എന്നു വിചാരിക്കാം. അങ്ങിനെ കാലവൈപരീത്യംകൊണ്ടുവരുന്ന രോഗത്തിന് വ്യാപന്നർത്തുകൃതമെന്നു പറയുന്നു. ഋതുലക്ഷണങ്ങൾ ശരിയായിരുന്നാലും വർഷകാലത്തു വാതവും ശിശിരകാലത്തു പിത്തവും വസന്തത്തിങ്കൽ കഫവും കോപിക്കുന്നതു സാധാരണ ധർമ്മമാകുന്നു. ഈ രീതിയിൽ ഉണ്ടാകുന്ന രോഗത്തെ അവ്യാപന്നർത്തുകൃതം എന്നു പറയുന്നു.

2. **ദൈവബലപ്രവൃത്തം**—നവഗ്രഹങ്ങളുടെ ചാരദോഷത്താലും ദൈവകോപം അഭിചാരം ഭൂതപ്രേതങ്ങളുടെ ബാധ ശാപം മുതലായവകളാലും ഉത്ഭവിക്കുന്നരോഗം. ഇതിനെയും രണ്ടുതരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. അവ സംസർഗ്ഗജം ആകസ്മികം എന്നിങ്ങനെ. ഒരുവന്റെ ദോഷത്താൽ സംഘാംഗങ്ങളെ മുഴുവൻ ബാധിക്കുന്നതു സംസർഗ്ഗജവും അകാരണമായി—യാദൃച്ഛികമായി—സംഭവിക്കുന്നത് ആകസ്മികവുമാകുന്നു.

3. **സ്വഭാവബലപ്രവൃത്തം**—വിശപ്പ് ദാഹം നിദ്ര ജര മരണം മുതലായവ മാററാൻ പാടില്ലാത്ത ബാധകൾ. ഇതിനെ കാലകൃതം അകാലകൃതം എന്നു രണ്ടായി തിരിച്ചിരിക്കുന്നു. എത്രതന്നെ സൂക്ഷിച്ചിരുന്നാലും ഉണ്ടാകുന്ന രോഗത്തേ കാലകൃതം അല്ലെങ്കിൽ പരിരക്ഷണകൃതം എന്നും സൂക്ഷ്മക്കുറവിനാൽ ഉണ്ടാകുന്നതിനെ അകാലകൃതം അല്ലെങ്കിൽ അപരിരക്ഷണാകൃതം എന്നും പറഞ്ഞുവരുന്നു. ഇതെല്ലാം സുശ്രുതാഭിപ്രായമാകുന്നു. വാഗ്ഭടനാകട്ടെ.

"നിജാഗന്തുവിഭാഗേന
തത്ര രോഗാ ദ്വിധാ മതഃ."

എന്നു പറഞ്ഞിരിക്കുന്നു. അദ്ധ്യാത്മികം മുഴുവനും ആധിദൈവികത്തിൽ സ്വഭാവബലപ്രവൃത്തവും നിജവർഗ്ഗത്തിലും, ശേഷമെല്ലാം ആഗന്തുകത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. എന്തുതന്നെയായിരുന്നാലും രോഗത്തിന്റെ സാക്ഷാൽക്കരണം ദോഷവൈഷമ്യമെന്നുള്ളതു നിരാക്ഷേപമാണ്. നവീന ബാക്ടീറിയോളജി (അണുക്രിമി)ശാസ്ത്രക്കാർ പറയുന്നത് രോഗഹേതുകം അണുകൃമികളാണെന്നും അവയെ മുഴുവൻ നശിപ്പിച്ചാൽ രോഗമേ

ഉണ്ടാകയില്ലെന്നുമാണ്. പ്രാചീനന്മാരായ ശാസ്ത്രജ്ഞന്മാർ പറയുന്നതു്. ജീവസംയുക്തങ്ങളായ ഭൂതാംശങ്ങളിൽനിന്നുമാണ് സൎവ്വവസ്തുക്കളും ഉത്ഭവിക്കുന്നതെന്നും അതിനാൽ അണുക്രിമികളെ മുഴുവനും നശിപ്പിച്ചുകളയുവാൻ ശക്യമല്ലെന്നും അഥവാ അവ മുഴുവൻ നശിച്ചാൽ പിന്നെ ദൃശ്യമായി യാതൊന്നും ഉണ്ടായിരിക്കയില്ലെന്നുമാണ്. അതുപോലെതന്നെ പാശ്ചാത്യന്മാർ, സ്നായുചക്രത്തിന് (Nervoussystem) ഒരുശക്തിയുണ്ടെന്നും അതാണ് അവയവങ്ങളെ ചലിപ്പിക്കുന്നതെന്നും പറയുന്നു. മനസ്സും ശരീരവും പ്രവൎത്തിക്കുന്നതു വായുബലംകൊണ്ടാണെന്ന് ആൎയ്യന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. (തുടരും)

---

## അൎത്ഥം പറയുവാൻ.

---

(പെൻഷ്യൻഡു ആമീൻ ഗോവിന്ദപ്പിള്ള, കോട്ടയം.)

താഴെ വിവരിക്കുന്ന ശ്ലോകം ഗോവിന്ദപ്പിള്ള സൎവ്വാധികാൎയ്യക്കാർ അവർകൾ എഴുതിയിട്ടുള്ള ഭാഷാചരിത്രത്തിൽ ഉള്ളതും, മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ രചിച്ചിട്ടുള്ളതുമാണ്. പല മഹാന്മാരോടു ചോദിച്ചിട്ടും ഇതിൻെറ അൎത്ഥം മനസ്സിലാക്കുവാൻ ഇടയാകാത്തതുകൊണ്ടു് ൮൦൧-ൽ കൊല്ലത്തുവച്ചു നടന്ന സാഹിത്യപരിഷത്തിൽ ശംകരയ്യനെ ഏൽപ്പിക്കയും അദ്ദേഹം ആയതു പണ്ഡിതസദസ്സിൽ സമൎപ്പിക്കയും ചെയ്തിട്ടു ഇപ്പോൾ മൂന്നുവർഷക്കാലമായിട്ടും ഇതിൻെറ അൎത്ഥം അറിവാൻ പാടില്ലാതെ സംഭവിച്ചതിൽ വളരെ മനസ്താപപ്പെടുന്നു.

എന്നാൽ വിദ്യാഭിവൎദ്ധിനി മാസിക വരുത്തി വായിക്കുന്ന മഹാന്മാരിൽ ആരെങ്കിലും ഇതിൻെറ അൎത്ഥം എഴുതി അയയ്ക്കുമെന്നു വിചാരിച്ചു എഴുതി അയയ്ക്കുന്നതും അങ്ങിനെ സാധിക്കുന്നതായാൽ ഇതൊരു പരോപകാരമായി തീരുന്നതും ആകകൊണ്ടു് ടി മാസികയിൽ ചേൎത്തു പ്രസിദ്ധീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ശ്ലോകം.

സാരാവസ്ഥാനമത്താ ചിതഹരപദമന്താഹവിശ്വാനപാതാ
മാദ്യാനസ്താരനിഷ്പാരിഗതിരതിഹരശ്ചാദൂരൎഘോരിനാഹീ
രാജ്ഞായന്താരദുഷ്ടാരിരീഹായദനംലസ്താമസശ്രീകലോച്ചാ
ദനാദീനഷ്ടാദിപസ്താദഭിഹവനിയമഗ്രാമസത്യാനരാധീ.

ഇതുതന്നെ പ്രതിലോമമായി വായിച്ചാൽ;

ധീരാനത്യാസമഗ്രാമയനിവഹഭിദസ്താപദിഷ്ടാനദീനോ-
ച്ചാലോകശ്രീസമസ്താഘനദയഹരിരിഷ്ടാദ്ദുരന്തായജ്ജാരാ
ഹീനാരിർഘോരദുശ്ചാരഹതിരതിഗരിഷ്ഠാനിരസ്താനയോമാ
താപാനശ്വാവിഹന്താമദപരഹതചിത്താമനസ്ഥാവരാസാ.

—:*:—

## ജോലി ശരിക്കുനോക്കട്ടെ!

(തേറമ്പിൽ ശങ്കുണ്ണിമേനോൻ.)

(പാന.)

ഭാവിയെഭൂതമാക്കി ഞാനെപ്പൊഴും
ജീവിതഭാരമേററി നടക്കയായ്
എങ്ങുനിന്നു വരുന്നതെന്നുമിനി-
യെങ്ങുചെന്നണയേണമെന്നൊന്നുമേ
നിശ്ചയമല്പമില്ലാതിടയ്ക്കിടേ
നിശ്ചലചിത്തനായിടാറുണ്ടു ഞാൻ
മൃത്യുവായിട്ടുമത്തോണി വക്കിലേ-
ക്കെത്തിടേണമിബ്ഭാരമിറക്കുവാൻ
ആയതിന്നപ്പുറത്തായിരിക്കണെ-
മായതസുഖം നിർവ്വാണമണ്ഡലം.
ആശയാംപൊൻപൊടികൊണ്ടു പൂശിയ
ക്ലേശമെത്ത ചവിട്ടിമെതിക്കണം.
തപ്തബാഷ്പമൊഴുകും പുഴകളി-
ലെത്രവട്ടമിറങ്ങിക്കടക്കണം.
ദൂരമെത്രയുണ്ടാകിലുമങ്ങെത്തി-
ത്തീരണംവഴി തെല്ലുംപിഴയാതെ
ആ വസന്തവും പൂങ്കുയിൽ നാദവു-
മാവതുമെനിക്കാശ്വാസമേകിലും
പേമഴയുമിരുട്ടുമിടിവെട്ടും
ആമയമേററമേകീടുമെങ്കിലും
മന്ദനാകയോ, ഇല്ലില്ലൊരിക്കലും;
തന്നജോലി ശരിക്കുനോക്കട്ടെ ഞാൻ.

# "ഞാൻ കവിയാവാൻ തുടങ്ങിയതു്."

(പുന്നക്കോന്നൂർ ജി. പി. പിള്ള.)

വിദ്യാൎത്ഥിയായിരുന്നപ്പോൾതന്നെ കവികളോടു് അതിരററ ബഹുമാനവും, ഒരു കവിയായി തീരണമെന്നുള്ള മോഹവും എനിക്കുണ്ടായിരുന്നു. മലയാളം ക്ലാസുകളുടെ മേലേത്തട്ടിൽ എത്തിയപ്പോഴേക്കും, "ചിട്ടിയും കുറിയും നോക്കാൻ പഠിച്ചുകഴിഞ്ഞു; ഇനി ചെറുക്കൻ ഇങ്ങു നില്ക്കട്ടെ" എന്നുള്ള കാരണോരുടെ കല്പനയും, "ഇനിയും പഠിപ്പിക്കാൻ കുടുംബത്തു മുതലില്ല; വല്ലതും കൂലിവേല ചെയ്യിച്ചു കാലം കഴിക്കാം." എന്നുള്ള അമ്മയുടെ അടുക്കളവേദാന്തവും പുറപ്പെട്ടുകഴിഞ്ഞതിനാൽ എൻെറ വിദ്യാൎത്ഥിജീവിതം മനസ്സില്ലാ മനസ്സോടെ അവിടെ അവസാനിപ്പിക്കേണ്ടിവന്നു. "ദാഹിച്ചാൽ കാവ്യാമൃതച്ചക്കരക്കാപ്പി" കുടിച്ചു തൃപ്തിയടയാൻ വേണ്ട വിദ്യാഭ്യാസം സിദ്ധിച്ചിരുന്നതുകൊണ്ടു് ഒട്ടുകാലം ഒരു പുസ്തകഭക്ഷകനായി കഴിച്ചുകൂട്ടിയാൽ, കവിയാകണമെന്നുള്ള മോഹം സാധിക്കാൻതക്ക വിജ്ഞാനം ലഭിച്ചേക്കുമെന്നു ഞാനും ആശിച്ചു. അന്നുമുതൽ തെണ്ടിയും തിരഞ്ഞും ചില പുസ്തകങ്ങൾ സമ്പാദിച്ചു്, അമ്മാവൻ കാണാതെ അടുക്കളമൂലയിൽ ഇരുന്നു ഭക്ഷിക്കാൻ തുടങ്ങി. അവയിൽ രുചിപ്രദമല്ലാത്തതും ദഹിക്കാത്തതും ആയ മൊരണ്ടൻ കഷണങ്ങൾപോലും മരുന്നുപോലെ കണ്ണുമടച്ചു മിഴുങ്ങാൻ എനിക്കു സാധിച്ചു. കഥകളൊന്നും ഇല്ലാത്ത കുറെക്കാലം അങ്ങനെ കഴിഞ്ഞു. അപ്പോഴേക്കും ആരെങ്കിലും ചോദിച്ചാൽ ഏതു മലയാള പുസ്തകത്തിലെയും പത്തുവരി പാടേ കാണാപ്പാഠം ചൊല്ലാൻ സാധിക്കുമെന്ന മട്ടായി.

എൻെറ വസതിക്കടുത്തു് ഇപ്പോൾ ആരോരും അറിയാതെ എവിടെയോ കഴിച്ചുകൂട്ടുന്ന ചില കവിതിലകന്മാരുടെ കൂട്ടുകാരനായ ഒരു സരസകവിവൃദ്ധൻ താമസിച്ചിരുന്നു. ഞാൻ അദ്ദേഹത്തെ സമീപിച്ചു എൻെറ ആഗ്രഹത്തെ നിവേദനംചെയ്തു. വൃത്തപരിജ്ഞാനമുണ്ടെന്നു് ആശാൻെറ (അങ്ങനെയാണു് അദ്ദേഹത്തെ വിളിക്കാറു്) ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞു. "പിന്നെന്താ പ്രയാസം? അനുഭവങ്ങളാണു് കവിതയായി പ്രതിഫലിക്കുന്നതു്. അതുകൊണ്ടു് സ്വന്തം അനുഭവങ്ങളെ പദ്യത്തിലാക്കുക. പിന്നെ ക്രമേണ നന്നായിക്കൊള്ളും." ഇങ്ങനെയുള്ള അദ്ദേഹത്തിൻെറ ഉപദേശം, എനിക്കു വളരെ സുകരമായി തോന്നി.

വൃദ്ധൻ സ്വന്ത കവിതകളെപ്പററി പ്രസംഗിക്കാനും, കുറെയെല്ലാം എന്നെ ചൊല്ലി കേൾപ്പിക്കാനും തുടങ്ങി. അദ്ദേഹത്തിന്റെ സ്വാസക വിപ്പട്ടം കിട്ടിയ കഥ പത്തുപന്ത്രണ്ടദ്ധ്യായം പറയാനുണ്ടായിരുന്നു. അതു മുഴുവൻ തീരുന്നതിനുമുമ്പുതന്നെ വല്ല വിധേനയും യാത്രചോദിച്ചുകൊണ്ടു ഞാൻ പുറത്തിറങ്ങി രക്ഷപ്പെട്ടു. ഏതായാലും ആശാന്റെ നിർദ്ദേശപ്രകാരം ഞാൻ കവിതകൾ ചമയ്ക്കാൻ തുടങ്ങി. അമ്മാവൻ അടിയ്ക്കാൻ വന്നതും, വേലക്കാരനോടു വഴക്കുകൂടിയതും, കൂട്ടുകാരുമായി കശപിശയുണ്ടായതും, ചതുരംഗംവച്ച് ആനക്കാലിൽ അടിയറവായതും, എന്നുവേണ്ടാ അടുക്കളക്കാരിയുമായുണ്ടായ തവിക്കണയുദ്ധംപോലും കവിതകളായിത്തീർന്നു. ഇവയിൽ ആദ്യമാദ്യം ചമച്ചവ ഒട്ടുമുക്കാലും എനിക്കുതന്നെ തീരെ പിടിച്ചില്ല. ഒടുവിൽ എന്റെ ഉപദേഷ്ടാവിനെ കാണിക്കാൻ എനിക്കു നല്ലതെന്നുതോന്നിയ രണ്ടു പദ്യങ്ങൾ തിരഞ്ഞെടുത്തു. വായനക്കാർ ക്ഷമിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി അവ താഴെ കുറിക്കുന്നു.

ഞാനിന്നാൾ മുടിക്രാപ്പുചെയ്തു മുഖവും
ചൊവ്വേമിനുക്കിച്ചുകൊ-
ണ്ടാനന്ദത്തൊടു പൊട്ടുമിട്ടുരസിക-
ക്കുട്ടന്റെ മട്ടിൽ തദാ
മാനിച്ചെത്തിനടന്നു, കൈകളിലൊരോ
പാവട്ടിയും മററുമായ്
മെയ് നാറുന്നവലക്ഷണത്തരുണിമാർ
കൂടുന്നമീൻചന്തയിൽ.
അന്നേരത്തൊരുനാരിയെന്റെ നികടം
പ്രാപിച്ചു ചോദിച്ചു "ഹേ!
ഇന്നെന്താണിവിടൊക്കെയിങ്ങനെ വൃഥാ
ചുററുന്നു മാററം വിനാ"
"കുന്നേലുംകുളിർകൊങ്കമാരെയഴകിൽ
കാണാൻ കൊതിച്ചിങ്ങുതാൻ
വന്നേ"നെന്നുരചെയ്തു ഞാന,വളുടൻ
കൊഞ്ചിക്കുഴഞ്ഞാടിനാൾ.

പദ്യങ്ങൾ ആശാനും പിടിച്ചു. കുഞ്ഞിനു വാസനയുണ്ട്. കുറെ സംസ്കൃതംകൂടെ പഠിച്ചാൽ വളരെ ശോഭിക്കും. എന്ന് ആശാൻ അഭിപ്രായപ്പെട്ടു. ഞാൻ ആദ്യമായി പുറത്തു കാണിച്ച പദ്യങ്ങൾ ആശാന്റെ നല്ല അഭിപ്രായത്തിനു പാത്രമായി തീൎന്നതിൽ എനിക്കു ചാരിതാൎത്ഥ്യമുണ്ടായി. ആശാന്റെ നിർദ്ദേശപ്ര

കാരം സംസ്കൃതം പഠിക്കാനും, അതിലേക്കു് ആശാനെത്തന്നെ ഗുരുവായി സ്വീകരിക്കാനും തീച്ച്പ്പെടുത്തി. സംസ്കൃതം പഠിച്ചാൽ വല്ലതുമൊക്കെ മലയാളത്തിലേക്കു തർജ്ജമ ചെയ്യാമല്ലോ എന്നുള്ള ആഗ്രഹം എനിക്കു അളവററ ഔൽസുക്യമുണ്ടാക്കിയെങ്കിലും, ശബ്ദരൂപവും, ധാതുരൂപവും ഉരുവിടാൻ തുടങ്ങിയപ്പോഴേക്കു് ഔൽസുക്യം ക്രമേണ നശിക്കാനും തുടങ്ങി. അന്നന്നു ഉരുവിടുന്നതു ഉറയ്ക്കുകയും, തലേദിവസം ഉരുവിടുന്നതു് മറക്കുകയും പതിവായി തീൎന്നതിനാൽ, എൻെറ പഠിത്തം ഒടുവിൽ ഉരുവിട്ട രൂപവും ഞാനും മാത്രമായി ശേഷിച്ചു. അനന്തരം കുറച്ചു കാവ്യങ്ങളും നാടകങ്ങളും അഭ്യസിച്ചു പഠിത്തവും നിറുത്തി. അപ്പോഴേക്കും പത്തിരുപതു മാസവും ഇങ്ങിനിവരാതവണ്ണം പോയിക്കഴിഞ്ഞിരുന്നു. ഇതിനിടയിലും ഞാൻ കവിതാശ്രമങ്ങൾ കുറച്ചില്ല. ചില കവിതകൾ എൻെറ ചില യുവസ്നേഹിതന്മാരെ ചൊല്ലി കേൾപ്പിക്കുക എനിക്കു ഒരു മുഖ്യ വിനോദമായിത്തീൎന്നിരുന്നു. ആശാൻ നല്ല അഭിപ്രായം പറഞ്ഞിട്ടുള്ള പല പദ്യങ്ങളും അവരുടെ ദൃഷ്ടിയിൽ ശുദ്ധമേ "ബോറു"കൾ ആയിരുന്നു. അവരെക്കൊണ്ടു നല്ല അഭിപ്രായം പറയിക്കത്തക്കവണ്ണം ഒരു പദ്യംപോലും എഴുതാൻ എന്നെക്കൊണ്ടു സാധിച്ചില്ല. "കവിതാരീതി ദൈനന്ദിനം മാറിവരികയാണു്; നിങ്ങൾ അതൊന്നും അറിയുന്നില്ല; പ്രേമപരമായ കവിതകൾ എഴുതണം. അപ്പോൾ നിങ്ങളുടെ ഈ സംവേറിപ്പോർട്ടുകൾ ചമയ്ക്കുന്ന രീതി മാറിയേക്കും" എന്നായിരുന്നു അവരുടെ നിർദ്ദേശം. ആ നിർദ്ദേശത്തേയും ആദരിക്കാൻതന്നെ ഞാൻ തീച്ച്യാക്കി. എൻെറ ജ്ഞാതിവൎഗ്ഗത്തിൽപെട്ട ഒരു പെൺകുട്ടി ഇംഗ്ലീഷ്സ്കൂളിൽ ൪-ാം ഫാറത്തിൽ പഠിക്കുന്നുണ്ടായിരുന്നു. ഞങ്ങൾതമ്മിൽ ഏതാണ്ടു പ്രേമത്തിൻെറ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുള്ള അവസരമായിരുന്നു അതു്. അവൾക്കു ഞാൻ കവിതയിൽ കാമലേഖനങ്ങൾ എഴുതാൻ തുടങ്ങി. സ്ഥലകാലങ്ങളും, സംബോധനയും, ഊരും പേരും, എന്നുവേണ്ടാ ചിലപ്പോൾ മേൽവിലാസംപോലും കവിതയിൽതന്നെയാണു കഴിച്ചുകൂട്ടിയതു്. ഒരു പദ്യം താഴെ കുറിയ്ക്കാം.

"ലേഡീവേൽ സ്ഥിതികളൊക്കെയറിഞ്ഞുഞാൻ തവൽ
ബാഡീമധ്യേളി നുകരാൻ കൊതിപൂണ്ടിടുന്നു
ഫേഡീയർ നിൻവശഗനെയിനിയും നമുക്കു
ഗാഡീവിധം തുണയണയ്ക്കുകിലൊക്കെ സാധ്യം"

ഇതിലെ ഇംഗ്ലീഷുവാക്കുകൾ വായനക്കാൎക്കു രസിച്ചില്ലായിരിക്കാം. കടിച്ചാൽ പൊട്ടാത്ത സംസ്കൃതവാക്കുകൾ പിടിച്ചുവ

യ്യാമെങ്കിൽ, ലാഘവമുള്ള ഇംഗ്ലീഷുവാക്കുകൾ എന്തുകൊണ്ടു പാടില്ല? "പൊൻഡ്റസ്സുണിപ്പാറാക്കാർ" എന്നൊരു മഹാകവി പ്രയോഗിച്ചിട്ടു വല്ലവരും മിണ്ടിയോ? പോരെങ്കിൽ ഞാൻ ഒരു ഇംഗ്ലീഷ് വിദ്യാർത്ഥിനിക്കാണ് എഴുതുന്നതും.

ഭാഷാവൃത്തവും ഇപ്പോഴത്തെ യുവസഹൃദയന്മാർ രസിക്കുന്ന തൂ, വെൺ, മലർ, തൈ മുതലായ സുകുമാരപദങ്ങളും ഉപയോഗിച്ചും ഞാൻ കാമലേഖനങ്ങൾ ചമച്ചിട്ടുണ്ട്. ഉദാഹരണത്തിനു പത്തുവരി താഴേ ചേർക്കുന്നു.

"ഓമനേ താരുണ്യത്തേനിൽ കൊതിപൂണ്ടു
പൂമലർതേടും മധുകരൻ ഞാൻ
നിന്നോമൽമെയ്യാം നറുമലർ പൊയ്കയ്ക്കു
മന്നവനായി ഞാൻ വാഴുവോളം,
നിൻ പ്രേമപ്പൂഞ്ചോരയെന്റെ ഹൃത്താമു-
റുമ്പു നുകന്നു തുടങ്ങുവോളം,
ഞാനൊരുപ്രേമദഭ്രാന്തനായ് വാഴട്ടെ!
ദീനാനുകമ്പ നിനക്കില്ലെങ്കിൽ
തൂമണിത്തൈമലർതെന്നൽപോലെന്നെ വ-
ന്നോമനേ മന്ദം തഴുകീടുനീ!"

എന്റെ കാമലേഖനങ്ങളിൽ ചിലതു് എന്റെ യുവസ്നേഹിതന്മാരെ ചൊല്ലിക്കേൾപ്പിച്ചു. അവയിലൊന്നിലും കവിതയുടെ കണികയില്ലെന്നു ആ സാഹിത്യകശ്മലന്മാർ തീർത്തു പറഞ്ഞുകളഞ്ഞു.

സംസ്കൃതപദ്യങ്ങൾ വിവർത്തനംചെയ്യുന്നതു് ഒരു അഭിവൃദ്ധിമാർഗ്ഗമാണെന്ന് ആശാൻ നിർദ്ദേശിച്ചു. അതിന് ഏതു പദ്യം വേണമെന്നു ഞാൻ ആരാഞ്ഞുനോക്കി. കാമലേഖനങ്ങളിൽ വ്യാപരിച്ചിരുന്ന എന്റെ അപ്പോഴത്തെ ചിന്താഗതി, അഭിജ്ഞാനശാകുന്തളത്തിലുള്ള

* "തുജ്ഝ ണ ആണേ ഹിഅഅം
മമ ഉണ കാമോ ദിവാവി രത്തിമ്മി

---

* തവ ന ജാനേ ഹൃദയം
മമ പുനഃ കാമോ ദിവാപി രാത്രാവപി
നിർഘൃണ തപതി ബലീയ-
സ്ത്വയി വൃത്തമനോരഥാന്യംഗാനി,

ണിഗ_ിണ തവള ബെലീ അം.
ത്തള വൃത്തമണോറഹാഇംഅങ്ഗാളം."

എന്ന ശകുന്തളയുടെ കാമലേഖനപദ്യത്തെ അഭിമുഖീകരിച്ചു. മൂക്കുമുട്ടെ കള്ളുകുടിക്കുന്ന രാജസ്യാലനും, ശാപ്പാട്ടുരാമൻ മാഢവ്യനും ഉപയോഗിക്കുന്ന പ്രാകൃതഭാഷതന്നെ നായികയും, തപോവനസംസ്കൃതയും ആയ ശകുന്തളയും ഉപയോഗിച്ചിരിക്കുന്നതു്, കവികുലകൂടസ്ഥനായ കാളിദാസനു് ഔചിത്യബുദ്ധിയില്ലാത്തതുകൊണ്ടു് ആയിരിക്കയില്ലല്ലോ. അതുകൊണ്ടു തർജ്ജിമയും പ്രാകൃതമലയാളത്തിൽ (സംസ്കാരമില്ലാത്ത ഹീനജാതിക്കാരുടെ ഭാഷയിൽ) വേണമെന്നു ഞാൻ നിശ്ചയിച്ചു. പദ്യം ഇങ്ങനെ ഭാഷാന്തരം ചെയ്തു.

"നിഞ്ഞളെ നിരുവന യറിവീ-
ലെഞ്ഞളെമെയ്യാശു നീറവുണ്ടുമദനൻ
കാഞ്ഞവനേ! രാപകലും
നിഞ്ഞളിലേറുന്നകൊടിയകൊതിമൂലം."

നിഞ്ഞൾ (നിങ്ങൾ) എന്നും എഞ്ഞൾ (എങ്ങൾ) എന്നും ഉള്ളതു് ഹീനജാതിക്കാരുടെ ഭാഷയാണു്. ഹൃദയം എന്നതിനു് "നിരുവന" എന്നും, നിർഘൃണ! എന്ന സംബോധനയ്ക്കു "കാഞ്ഞവനേ!" എന്നും തർജ്ജിമ ചെയ്തതിൽ ഔചിത്യഭംഗി വളരെയുണ്ടെന്നു ഞാൻ അഭിമാനിക്കുന്നു. ഇതിനുംപുറമെ പല ഒററശ്ലോകങ്ങളും, കുമാരസംഭവം എട്ടാംസർഗ്ഗവും ഞാൻ തർജ്ജിമചെയ്തുണ്ടാക്കുകയുണ്ടായി. അവയിൽ മിക്കവാറും ഗുരുനാഥൻ്റെ അഭിപ്രായത്തിൽ നല്ല പദ്യങ്ങളും യുവസ്നേഹിതന്മാരുടെ അഭിപ്രായത്തിൽ ശുദ്ധമേ നാലാംകിടക്കാരും ആയിരുന്നു. വിമർശനകുഠാരക്കാരനായ ഒരു സ്നേഹിതൻ ഒരിക്കൽ, "ഇപ്പോഴത്തെ കവിതാരീതിയുടെ മാതൃക ഇതാണു്" എന്ന മുഖവുരയോടുകൂടി ഒരു പുസ്തകം എനിക്കുതന്നു. ഞാൻ ആ ഗ്രന്ഥം അതിത്വരയോടെ വായിക്കാൻതുടങ്ങി. അപ്പോഴല്ലേ ഇപ്പോഴത്തെ കവിതയുടെ മട്ടു് എനിക്കു മനസ്സിലായതു്! പാടാൻ സുഖമുള്ള നല്ല ഭാഷാവൃത്തങ്ങൾ, നല്ല മധുരങ്ങളായ പദങ്ങൾ, പാഴ്ശ്ശേരിപോയി പടിപ്പുരപ്രശ്നം നടത്തിയാൽപോലും വായനക്കാരനു കണ്ടുപിടിക്കാൻ സാധിക്കാത്ത കല്പനകൾ ഇതൊക്കെയാണു് അതിൻ്റെ രീതി. നീളവും വീതിയുമേറിയ വിജനചുംബനങ്ങൾ, സ്വപ്നം പുരണ്ട തലയിണകൾ മുതലായി ചില പുതിയ കാവ്യസാമഗ്രികൾ ഏതു വായനക്കാരൻ്റെയും ചിന്താശക്തിയെ തട്ടിത്തകർത്തുകൊണ്ടു കവിയുടെ യശസ്തംഭങ്ങളാ

യി നിലകൊള്ളുന്നു. ശിവശിവനേ! ഇത്തരം ഒരു കവിയാകാൻ വളരെ വളരെ പ്രയാസം!! നക്ഷത്രങ്ങൾ വാരിയിട്ട് അമ്മാനയാടാനും, ബോംബുകൾപോലെ ചുംബനങ്ങൾ എറിഞ്ഞുപററിക്കാനും അമരവധുക്കളെ തേടി ആകാശത്തുകൂടെ ആലപിച്ചുംകൊണ്ടു അലഞ്ഞു നടക്കാനും, അംബരഗംഗയിലെ അരയന്നപ്പിടകളോടൊത്ത് ആടിക്കുഴയാനും, അമരലോകത്തുചെന്ന് അമൃതകുംഭം എടുത്ത് കള്ളുപോലെ ഊററിക്കുടിക്കുവാനും, മററുമൊക്കെ അഭ്യസിച്ചെങ്കിലേ ആ രീതിയിൽ കവിത എഴുതാൻ സാധിക്കൂ. എന്റെ ശിവനേ കവിയായില്ലെങ്കിലും വേണ്ടുകില്ല. എന്നെക്കൊണ്ട് ഇതൊന്നും സാദ്ധ്യമല്ല. മതിമതി. എനിക്കു കവിയാകണമെന്നുള്ള മോഹമേ നശിച്ചു. കാലയാപനത്തിനുവേണ്ടി കഷ്ടപ്പെടുന്ന എനിക്ക് സാഹിത്യസർക്കസ്സുകളൊന്നും അഭ്യസിക്കാൻ അവസരമില്ല. പാറ പണിയുന്നതിലും, ചുമടു ചുമക്കുന്നതിലും കഷ്ടമത്രേ കവിയുടെ കാര്യം. അമ്പമ്പോ! ആധുനിക കവിതാരീതിയുടെ അചുംബിതാവസ്ഥ! മലയാളഭാഷയുടെ കഷ്ടകാലം!!

---

## "വനയാത്ര".

(കെ. വി. പിള്ള.)

I

ലീലാവിനോദിനിസരസ്വതിദേവിവാനോ-
ടേല്ക്കുന്നതാപഭരമൻപൊടു നീക്കുവാനായ്
ശീലംഭൂഷിച്ചപടിമന്ദിരതന്റെ നാവി,-
ലാളീവിശിഷ്ടയവളിൽ പഴിചൊത്തുവാണാൾ.

ഭാവംപകർന്നുണരയേന്തിയ മന്ദഹ,സ്സർ-
കോപംകലർന്നനിജ രാജ്ഞിയൊടുള്ള കൂറാൽ
അന്തഃപുരത്തിനകമാർന്നവളോടു, രാജ്ഞി
'എന്തേവിശേഷ'മതുൾചെയ്തു,ഇരിക്ക,യെന്നായ്.

വീണ്ടും കഥിച്ചു, തവ വക്ത്രസുമം കരിഞ്ഞു
കണ്ടീടുവാൻ ഇവിടെ എന്തു നിനക്കുപററി?
പണ്ടെങ്ങുമേ ഭുവനമിത്ര വിലാസമായി-
ക്കണ്ടീല, എങ്കിലുമഹോ! തവ ദുഃഖമെന്തേ?

വെണ്മേടജാലമൊട്ടു വീഥിക,ളമ്പലങ്ങൾ
നന്മുത്തുവാരിനിറയുന്ന സരസ്സുമെല്ലാം
മന്മന്ഥരേ! വിവിധമോടിതികഞ്ഞിട്ടുന്നൊ-
രിമ്മട്ടിനുള്ള പൊരുളെന്തു? പറഞ്ഞിടാമോ?

സല്ക്കാരമേറുമവൾ വെമ്പലൊടും പറഞ്ഞു
ദുഷ്കാലമാണിതുനിനക്കു ധരിക്ക ദേവി!
മല്ക്കർമ്മമാണിതുകളെന്നുമുരച്ചിടാം, നീ
ഉൾക്കണ്ഠയോടുചെവിതന്നു ശ്രവിക്കുകേവം: —

നീ ചൊന്നതിന്നു ശരി, രാമനടുത്ത നാളിൽ
ഓജസ്സുപൂണ്ടുമകുടം ശരിയായ് ധരിക്കും!
'ആചാര'മോടതിനടുത്ത ദിനംതുടങ്ങി
നീ ചെന്നുജാനകിയെ വീശിടുമാറുമാകും!

ബുദ്ധിഭ്രമംകലരുമാറിതുകേട്ടറാണി
ചിത്തംകുളിർത്തു ചിലതൊക്കെയവൾക്കുനൽകി
വർദ്ധിച്ചവാഞ്ഛയൊടുവസ്തുതയുൾഗ്രഹിക്കാ-
നദ്ദാസിതന്നൊടുകഥിച്ചിതു മന്ദമന്ദം.

എന്താണയേ ഭവതി ചൊന്നതു? രാമനിൽ നി-
ന്നെന്താണുദോഷമിഹവന്നു ഭവിച്ചിടുന്നു?
സന്തോഷമോടു കഴിയേണ്ടൊരുകാലമെന്തു
വൻതാപമെന്നുപറയുന്നതു മന്ഥരേ നീ.

താന്തോന്നിയല്ല മമപുത്രൻ, അവൻ സുശീലൻ
സ്വാന്തംകുളിർക്കുമൊരു കോമളഗാത്രനാംതാൻ
ശാന്തപ്രകാശമുഖനെന്നൊടുകൂറുമേറും
കാന്താസമേതനവനിന്നു സുഖിയ്ക്കയല്ലീ?

പ്രാജ്യപ്രഭാവനവനീയവനിയ്ക്കുകാന്തൻ
ആജ്ഞിച്ചിടട്ടെയഖിലത്തിലുമഞ്ചുമേമ്മ!
രാജ്യാധിവാസിതരശേഷമതീവവാഴ്ത്തും
പൂജ്യൻ, വിശാലഹൃദയൻ, വിജയിച്ചിടട്ടെ!

രാമാഭിഷേകമതിഘോഷമൊടാടിടട്ടേ,
ശ്രീമാനവന്നു പുരുകീർത്തിയുമേറിടട്ടേ!
ആമോദമോടുലകമിന്നു ഭരിച്ചിടട്ടേ
നാമൊക്കെയങ്ങു പരിതുഷ്ടിയുമാർന്നിടട്ടേ!

ഹേ മന്ഥരേ! കഠിനമെന്തൊരു കാരണത്താ-
ലാമഞ്ജുരൂപനൊടു വൈരമുദിച്ചിടുന്നു?
കാമപ്രദൻ, കമലലോചനനെന്റെ പുത്രൻ
ക്ഷേമം നിനക്കുമുളവാക്കിടു, മില്ലവാദം.

ഏവം പറഞ്ഞമൊഴികേട്ടു കഥിച്ചു ദാസി
ഭാവിക്കുവേണ്ടി മമ വാക്കുകൾ കേൾക്ക ദേവി!
ദേവിക്കു നൽദശ വന്നിടുമെങ്കിലല്ലോ
കാവല്ക്കു നില്ക്കുമിവളന്നു തപിച്ചിടേണ്ടു?

നെഞ്ചിൽ കളങ്കമിയലുന്നൊരു നിന്റെ കാന്തൻ
വഞ്ചിച്ചു നിന്നെ; അതു നീ അറിയായ്കകൊണ്ടോ,
പഞ്ചാരവാണി! കുതുകത്തൊടു വാണിടുന്നു?
തഞ്ചം വിടേണ്ടയി വിലാസവതീ മനോജ്ഞേ!

തൽപുത്രനൊ, ഭദനുജനെന്തു വിശാലനേത്രേ!
താല്പര്യമോടവരെയെന്തിനയച്ചു താതൻ?
കല്പിച്ചിടുന്നു പുറമേ "അഭിഷേകമെന്റെ
സല്പുത്രനായ രഘുവീരനു വേണ"മെന്നും.

രാമന്നു തദ്ദിനമുണ്ടഭിഷേകമെങ്കിൽ
സൗമിത്രിയാണലകുവാഴ്‌വതോർത്തിടേണം!
അതു, മട്ടുനോക്കിലിരുരാജ്ഞികളും സുഖിച്ചു
സാമർത്ഥ്യമോടു മണിമേടയിലന്നുവാഴും.

നീ മന്ഥരയ്ക്കു സമയായൊരു ദാസിപോലെ.
ശീമദ്ഭിരപ്പുറവരാന്തയിലായിടും കേൾ
ഹാ! ഗർഭഭേദകമതോർത്തിടുമെങ്കിലല്ലോ
സോമാനനേ! ഭീതിയൊന്നു ചൊടിച്ചിരിക്കു.

രാജ്ഞീപദത്തിലിതു നാൾവരെയുംകഴിഞ്ഞ
രാജ്ഞീ! നിനക്കുസുഖചിന്തയശേഷമില്ലേ?
ആ, ജ്ഞാനമൂർത്തിയുടെ മാതൃജനങ്ങൾനിന്നെ
അജ്ഞാനകൂലമിനിയങ്ങു നടത്തുമാറാം.

ചൂലേന്തിനിന്നു പുരമുറ്റമടിച്ചുവാരാൻ
ബാലേ! കഥിയ്ക്കിലതുപോലതു ചെയ്തിടേണ്ടേ?
മാലാണ്ടമട്ടു നിലകൊണ്ടിടുമെങ്കിലന്നു
കാലന്റെ ദിക്കിലവർ നിന്നെ അയയ്ക്കുമല്ലോ.

പൂവഞ്ചിടും മൃദുകളേബരമുള്ള റാണി
നീ വൻചതിയ്ക്കടിപെടുന്നതു യോഗ്യമാമോ?
നോവുണ്ടിതൊക്കെ നിനയുന്നൊരു നേരമുള്ളിൽ,
ഹാ! വണ്ടണിക്കുഴലികേട്ടു കഥിയ്ക്കശേഷം.

ചന്ദ്രാനനേ! ഭരതനീയുലകം ഭരിച്ചു
കണ്ടാൽനിനക്കു മനമൊട്ടു കുളിർക്കുമെങ്കിൽ
തന്ത്രങ്ങളുണ്ടു പലതും തവ മന്ഥരയ്ക്കു്;
വേണ്ടാവിഷാദ,മതു സാധിതമെന്നു നൂനം.

പോരാ, പുരാണപുരുഷൻ പതിനാലുവർഷം
ഘോരാടവീതലവുമങ്ങു ഭരിച്ചിടട്ടേ!
നീ രാജ്ഞിയായി നലമായ് നിജപുത്രനൊത്തു
പേരാണ്ടുവാഴ്ക!യതു സമ്മതമോ സുശീലേ.

അന്നാളൊരിയ്ക്കലവനീശ്വരനങ്ങുയുദ്ധ-
സന്നാഹമോടു സുരലോകമണഞ്ഞനേരം
വന്നോരപായമതിശക്തിയൊടന്നുതീർത്ത
നിന്നിൽനൃപനന്നുകനിദ്വവരിയതോർത്തിടുന്നോ?

മോദംവള,ർന്നിരുവരങ്ങൾതരാം വരിയ്ക്കൂ!
ചേതോഹരാംഗി, ഇദമങ്ങുനൃപൻവചിയ്ക്കേ
നീ ചൊന്നതില്ലേ, "യൊരുനേരമിവൾക്കുവേണ്ടും
നേരത്തുപോരുമവനീശ്വര"യെന്നമാത്രേ!

അക്കേട്ടററിടാതെകഴിയുന്നതു നല്ലതെങ്കിൽ
വാട്ടംവിനാ സുദതി! എന്നുടെവാക്കുകേൾക്കു
നീട്ടുന്നവസ്ഥവതിലാഗ്രഹവും ജനിച്ചാൽ
പോട്ടെന്നുവയ്ക്കുവതുലോകനടപ്പുതാനോ?

അത്യൂന്നകൊഞ്ചലൊട്ടപുഞ്ചിരിതൂകിനിന്നു്
വഞ്ചിച്ചിടുന്നഭവദീയ'മണാള'നോടു്
തേൻചോരുമാറുകളവാണികളാലുരച്ചാൽ
വാഞ്ഛാനുകൂലമതുവന്നുഭവിച്ചിടില്ല.

കോപംനടിച്ചു,മിഴിയൊന്നുചുവപ്പുചെത്തു,
ബാഷ്പംപൊഴിച്ചു് പുതുപൂങ്കവിളുംനനച്ചു്
പൊട്ടിച്ചെറിഞ്ഞുമണിഭൂഷണജാല, മിച്ഛ-
പറവുന്നതിന്നുപണിയീവിധമാചരിയ്ക്കു!

ആയില്ല; പല്ലവമനോഹരമായമേനി-
യായുള്ള മേനിനിറയെപ്പൊടികൊണ്ടണിഞ്ഞും
പായിൽപെടാതെ തറതന്നിലമർന്നുരുണ്ടും
നീയിന്നുവാഴ്ക! തവവാഞ്ഛഭവിയ്ക്കുവാനായ്.

എന്നാലുമങ്ങുനലമല്ലയി ചേഷ്ടിതങ്ങൾ;
ഒന്നുംപറഞ്ഞുതരുവാനുമെനിയ്ക്കുവയ്യ!
ഒന്നോതിടാംഭ്രമരവർണ്ണമൊടൊത്തകേശം
നന്നായഴിച്ചുചിതറിച്ചുമിരുന്നിടേണം.

പിന്നൊന്നുകൂടിയുരചെയ്‌വതിനുണ്ടുറാണി!
മന്ദാനിലൻറകളിതന്നിലുലഞ്ഞുനിൽക്കും
ചേലഞ്ചിടുന്നളകപംക്തികൾവെറ്റുപൂണ്ട
ഫാലസ്ഥലത്തുചുരുളാൻമിരുന്നിടേണം.!

എന്തിന്നതെന്നുപറയാം, കടുഖേദമാളും
ചെന്താമരാക്ഷിയുടെ, നാഥനതൊന്നുകണ്ടാൽ
ചന്തംനിനച്ചുവിമനസ്സുകലർന്നിടാതെ
എന്തോരഭീഷ്ട,മതുനല്കുകയില്ല റാണി?

മന്ദസ്മിതാഭയൊരുനേരവുമാനനത്തിൽ
വന്നീടൊലാ! ഭവതികാത്തുശയിച്ചിടേണം
വന്നാലുമാകു, മകതാരിലുയർന്നഖേദ-
മൊന്നല്ലഭാവനകളായതുകൊണ്ടുതന്നെ!

കൈകേയപുത്രിയവളോതിയതിന്നുപത്ഥ്യ-
മാകെധരിച്ചുവിധിതന്റെയനുജ്ഞമൂലം
മാഴ്കുന്നമട്ടൊടധകോപഭരാലയത്തിൽ
പുക്കീട്ടുമന്ഥരയൊടേവമുരച്ചുമന്ദം.

സ്നേഹംതുടങ്ങിയഗുണങ്ങളെഴുന്നദാസി
മോഹംകലർന്നപടിയിങ്ങുവസിച്ചുപോയ്ഞാൻ
അഹാന്യപാദികളരും ചതിയായവഹ്നി-
യ്ക്കാഹാ! കൊടുപ്പതിനു കാപ്പുകൾകെട്ടിഎന്നെ!

രാമൻവനത്തിനുഗമിക്കുമടുത്തനാളിൽ
തുമഞ്ഞുമൂടലൊഴിയുന്നൊരുവേളതന്നിൽ
കാമംഫലിച്ചുവരുവാൻ പണിയെന്നുവന്നാ-
ലീമേനിഞാനുടനെയങ്ങുകളഞ്ഞിടുംകേൾ.

ആശയ്ക്കുവിഘ്നമിയലാതെയിരിയ്ക്കുമെങ്കിൽ
ഈശന്നുവേണ്ടിബലിപൂജനടത്തിടുംഞാൻ
നാശംനിനക്കുകളയുന്നതിനായിനൂറു-
ദേശങ്ങളുംതരുവനന്നുവിശുദ്ധശീലേ!

"ഭവ്യംവരട്ടെ! വരരൂപിണികാന്തനോട്
നിർവ്യാജമായമൊഴിവാങ്ങിയതിന്നുപിൻപേ
സ്വാഭിലാഷവുമുരച്ചുവരിയ്ക്കൂ"യെന്നു
സ്വൈരംപറഞ്ഞുനടകൊണ്ടുടനങ്ങുദാസി.

(തുടരും)

# ആ ലിഖിതം.

(G. M. N. P.)

കല്യാണിഅമ്മ പതിവുപോലെ പത്രം വായിച്ചുകൊണ്ടു് ഒരു കസാലയിൽ ഇരിക്കുകയായിരുന്നു. അവരുടെ ശ്രദ്ധ മുഴുവൻ അതിൽതന്നെ പതിഞ്ഞിരുന്നു. പെട്ടെന്ന് ഒരു ശിപായി അവിടെ കയറിച്ചെന്നു. "കൃഷ്ണമേനോനദ്ദേഹം ഉണ്ടോ ഇവിടെ, ഉണ്ടെങ്കിൽ ഈ എഴുത്തു് അദ്ദേഹത്തിനു കൊടുത്തേക്കു" എന്നു പറഞ്ഞു് ഒരു കവർ കല്യാണിഅമ്മയുടെ പക്കൽ ഏല്പിച്ചു്, അയാൾ പോകുകയും ചെയ്തു.

കല്യാണിഅമ്മയുടെ ഭർത്താവായ കൃഷ്ണമേനവൻ ചീഫ്കോട്ടു വക്കീലായിരുന്നു. അദ്ദേഹം ശിപായി അവിടെ ചെല്ലുന്നതിനു വളരെ മുമ്പുതന്നെ കോർട്ടിലേക്കു പോയിക്കഴിഞ്ഞു.

എഴുത്തു കിട്ടിയ ഉടൻ കല്യാണിഅമ്മയ്ക്കു് എഴുത്തിനെപ്പറ്റി സകല വിവരങ്ങളും അറിയുവാൻ ധൃതി ആയി. അവൾക്കു തീരെ സമാധാനമുണ്ടായില്ല. "എത്രയായാലും പ്രാണനാഥനുള്ള കത്തല്ലേ" എന്നു നിശ്ചയിച്ചു്, പൊട്ടിച്ചു സംഗതി എന്താണെന്നറിയുന്നതിനു് ഒരുങ്ങി. അതിൽ ഇപ്രകാരം ഒരെഴുത്താണ് ഉണ്ടായിരുന്നതു്.

12—10—109.

പ്രിയകാമുകനു്,

അവിടുത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ രണ്ടുമൂന്നു ദിവസങ്ങളായി ഇരിക്കുകയായിരുന്നു. ഇതേവരെയും കാണാത്തതിൽ വളരെ സങ്കടപ്പെടുന്നു. എനിക്കു് അവിടുത്തെ ആ സഹായം മാത്രമേ ഉള്ളൂ. ഇടയ്ക്കിടയ്ക്കു്, അവിടുന്ന് എന്നെപ്പറ്റി മറന്നുകഴിഞ്ഞോ എന്നുകൂടി ഒരു സംശയം എനിക്കുണ്ടാകുന്നു. അങ്ങിനെ ആണെങ്കിൽ ഞാൻ ആത്മഹത്യയ്ക്കുതന്നെ ഒരുമ്പെടേണ്ടിവരും. ഈ എഴുത്തു കിട്ടിയാലുടൻതന്നെ ഇവിടെ എത്തിച്ചേരണമെന്നു് അപേക്ഷ.

എന്നു് സ്വന്തം, വി. അ.

ആ എഴുത്തു വായിച്ചപ്പോൾ കല്യാണിഅമ്മയ്ക്കുണ്ടായിക്കൊണ്ടിരുന്ന വികാരങ്ങൾ പറയത്തക്കതല്ല. അവരുടെ മുഖത്തിലെ

ധവളിമ ചൊരിഞ്ഞിരുന്ന മന്ദഹാസം അപ്പോൾ ചിന്താരാശികളാകുന്ന കാർമേഘപടലങ്ങളാൽ ആവൃതമായ്ക്കഴിഞ്ഞു. അവരുടെ കണ്ണുകളിലെ മനോഹരതേജസ്സ് പൊയ്പോയി. അവരുടെ മുഖത്ത് മ്ലാനതയും ദുഃഖസ്ഫുരണവും മാത്രമേ കണ്ടിരുന്നുള്ളൂ. അവരറിയാതെതന്നെ ആ കസാലയിൽനിന്നെഴുന്നേററു് എഴുത്തു കവറിനുള്ളിൽ അടക്കിയിട്ടു്, മേശപ്പുറത്തിട്ടുംവച്ചു് അവർ ഒരു മുറിയിൽ പോയി കിടപ്പായി.

ഭൃത്യൻ അവരെ ഊണു കഴിക്കുന്നതിന്, വളരെ പണിപ്പെട്ടു് എഴുന്നേല്പിക്കുവാൻ നോക്കി. ഒരു ഫലവുമുണ്ടായില്ല. അവർ അവിടുന്ന് എഴുന്നേല്ക്കുവാനുള്ള ഭാവമേ ഉണ്ടായില്ല.

നേരം ഏകദേശം നാലുമണിയായി. വക്കീൽ, കൃഷ്ണമേനവൻ കോടതിയിൽനിന്നും തിരിച്ചു, ഗൃഹത്തിൽ എത്തി. അദ്ദേഹം "കല്യാണി, കല്യാണി" എന്ന് ഒരു രണ്ടുപ്രാവശ്യം വിളിച്ചു. യാതൊരു ശബ്ദവും ഉണ്ടായില്ല. അദ്ദേഹം ഉടൻതന്നെ ഭൃത്യനെ വിളിച്ചു് കല്യാണിഅമ്മയെപ്പററി ചോദിച്ചു. "കൊച്ചമ്മ, അങ്ങത്തെ എന്താണ്ടൊക്കെ പറഞ്ഞുംവച്ചു് ആ മുറിക്കകത്തു് പോയി കിടക്കുകയാണ്. ഞാൻ ഊണുകഴിക്കുവാൻ വരാൻ പറഞ്ഞു് വളരെനേരം വിളിച്ചു. എത്ര നേരമായിട്ടും കൊച്ചമ്മ എഴുന്നേല്പാനുള്ള ഭാവമേ ഇല്ല." എന്ന് ഭൃത്യൻ പറഞ്ഞു. കൃഷ്ണമേനവന്റെ ഹൃദയം തുടിച്ചു. അദ്ദേഹം കാലത്തെ പോയപ്പോൾ കല്യാണിഅമ്മയുടെ സ്വഭാവം ഒന്ന്, അദ്ദേഹം മടങ്ങിയപ്പോൾ വേറെ ഒരുതരം. അദ്ദേഹം അതൊക്കെ ഓർത്തു് വളരെ സങ്കടപ്പെട്ടു. അദ്ദേഹത്തിന്, കല്യാണിഅമ്മയുടെ ആ സ്വഭാവമാററത്തിനുള്ള ഹേതു എന്താണെന്ന് മനസ്സിലായില്ല.

അദ്ദേഹം സങ്കടപരവശനായി കുളക്കടവിലേക്കു പോയി. കുളികഴിഞ്ഞു് എത്തിയിട്ടു് കല്യാണിഅമ്മയുടെ കാര്യങ്ങളെപ്പററി അന്വേഷിയ്ക്കാം എന്നു നിശ്ചയിച്ചു അദ്ദേഹം കുളിക്കുവാൻ ഒരുങ്ങി.

കുറെ കഴിഞ്ഞപ്പോഴേക്കും "കൊച്ചമ്മ കൊച്ചമ്മ" എന്നു വിളിച്ചുകൊണ്ടു് ഒരാൾ കല്യാണിഅമ്മയുടെ മുറിവാതുക്കൽ എത്തി. അതാരായിരിക്കാം എന്നുള്ള വിചാരത്താൽ കല്യാണിഅമ്മ പെട്ടെന്ന് എഴുന്നേററു. അപ്പോൾ അവർ അവിടെ കണ്ടതു് എഴുത്തുകൊണ്ടുവന്നു കൊടുത്ത ആ ശിപായിയെ ആണ്. ശിപായി പറഞ്ഞു "കൊച്ചമ്മാ, ആ എഴുത്തു് ഇങ്ങു തന്നേക്കണം, അ

ത്തു് വേറെ ഒരു സ്ഥലത്തു കൊടുക്കുവാനുള്ളതാണു്, എനിക്കു് മേൽവിലാസം തെറ്റിപ്പോയി." കല്യാണിഅമ്മ എഴുത്തെടുത്തു് ശിപായിയുടെ കയ്യിൽ കൊടുത്തു.

കുറച്ചു സമയത്തിനകം കൃഷ്ണമേനവൻ കുളികഴിഞ്ഞു് തിരിയെ എത്തി. കല്യാണിഅമ്മ ഓടിച്ചെന്നു് അദ്ദേഹത്തിന്റെ കാല്ക്കൽ നമസ്കരിച്ചു്, ഉണ്ടായ സംഗതികൾ സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. കൃഷ്ണമേനവൻ പൊട്ടിച്ചിരിച്ചു. കല്യാണിഅമ്മ തനിക്കു പറ്റിയ വിഡ്ഢിത്തത്തെ ഓർത്തു് ലജ്ജിച്ചു. അതിൽ പിന്നെ കൂടെക്കൂടെ അവർ ആ സംഗതിയെ ഓർത്തു് പശ്ചാത്താപിച്ചാറുണ്ടായിരുന്നു.

—*:*—

## "മനുഷ്യസമുദായത്തിലെ ചില ധൂമകേതുക്കൾ."

(മലയാളപണ്ഡിതർ, അയ്യനാട്ടു് സി. പി. ഗോപാലപിള്ള, നെല്ലിമൂട്.)

ധൂമകേതുവിന്റെ ഉദയം അടുത്തുണ്ടാകുവാൻപോകുന്ന ഭയങ്കരമായ ക്ഷാമത്തിന്റെയോ യുദ്ധത്തിന്റെയോ മുൻസൂചനയാണെന്നു് അഭിജ്ഞന്മാർ സിദ്ധാന്തിക്കുന്നു. സുഭിക്ഷമായ ലോകത്തു പെട്ടെന്നുണ്ടായേക്കാവുന്ന ഗതിവിപര്യയത്തെക്കുറിച്ചുള്ള ഭയം ഒന്നുമാത്രമാണു് ഈ സിദ്ധാന്തത്തിനു് അടിസ്ഥാനം. അനന്തമായ ചക്രവാളത്തിൽ ചില പ്രത്യേകാവസരങ്ങളിൽമാത്രം ആലോകനം ചെയ്യപ്പെടാൻ കഴിയുന്ന ഈ തേജഃപുഞ്ജത്തിന്റെ പ്രസരണഭാവത്തിനു ഭൂലോകമണ്ഡലത്തിന്റെ നിദാനഗതിയോടുള്ള പ്രത്യക്ഷനിലയെ തല്ക്കാലം ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. ധൂമകേതുവിനെപ്പോലെ ആപൽഭാവകാരകന്മാരായി ആവിർഭവിച്ചു സമുദായഗതിയെന്നല്ല രാഷ്ട്രഗതിയേയും അതിന്റെ നിദാനമായ പ്രവർത്തനഗതിയിൽനിന്നു് നിവർത്തിപ്പിച്ചു് അധഃപതിപ്പിക്കുന്ന സാമാന്യജനങ്ങളിൽ ഉൾപ്പെട്ട ചില വ്യക്തികളെയാണു് ഇവിടെ ധൂമകേതുക്കളാക്കി കല്പിച്ചുപരി വിവരിക്കുവാൻ പോകുന്നതു്.

മനുഷ്യജീവിതം അദൃശ്യമായ ഒരു നിത്യശക്തിക്കു് അധീനമാണെന്നുള്ള അഭിപ്രായത്തെ നാസ്തികന്മാർപോലും ആദരിക്കുന്നുണ്ടു്. നാനാവിധമായ പരിവർത്തനവിശേഷത്തെ വെളിപ്പെടു

അതിക്കാണിക്കുന്ന പ്രകൃതി നിരന്തരമായ മനുഷ്യപ്രയത്നത്തിന് അധീനമാണെന്നുള്ളതും എല്ലാവൎക്കും അഭിമതമായ ഒന്നാണ്. സമുദായബന്ധമാണ് അധൃഷ്യമായ മനുഷ്യശക്തിയുടെ കേന്ദ്രം. ദൃഢമായി അസ്ഥിവാരം നിൎമ്മിച്ചുകെട്ടപ്പെട്ട സമുദായശക്തിയാകുന്ന സൌധത്തിന്റെ ഉത്തുംഗശൃംഗത്തിൽ കയറിനിന്നുകൊണ്ട് പുറപ്പെടുവിക്കുന്ന അവകാശവാദകാഹളധ്വനിയാണ് രാഷ്ട്രീയമണ്ഡലങ്ങളിൽ മാറെറാലിക്കൊള്ളുന്നതു്. ആ കാഹളധ്വനിയുടെ മാറെറാലി ഭരണകൂടങ്ങളിൽ പലവിധമുണ്ടാക്കിത്തീൎക്കുന്ന പരിവൎത്തനങ്ങൾ ലോകാഭ്യുന്നമനത്തിന് ആധാരങ്ങളായ പരിഷ്കാരങ്ങളായിത്തീരുന്നു. നിയാമകങ്ങളായ ചില നിശ്ചിതതത്വങ്ങളിൽകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനു മുന്നോട്ടൊരു ഗമനവേഗമുണ്ടാകണമെങ്കിൽ പ്രജാപ്രക്ഷോഭണത്തിന്റെ പ്രതിഘാതമെല്ലാതെ സാധിക്കുന്നതല്ലെന്നു രാജ്യചരിത്രങ്ങൾ നമ്മെ മനസ്സിലാക്കുന്നു. ലോകചരിത്രത്തിന്റെ ആദിമാദ്ധ്യായങ്ങളിൽ ജനശക്തി ആവിലമായിക്കിടക്കുന്നതായിട്ടാണ് നാം കാണുന്നതു്. അതിനു കാരണം സമുദായബന്ധത്തിന്റെ ശിഥിലതയുമായിരുന്നു. എന്നാൽ ജീവിതസമ്പ്രദായത്തിനു ക്രമാന്തരമായുണ്ടായ വികാസം ജീവിതാനുവൎത്തനങ്ങളെ വിവിധങ്ങളാക്കിത്തീൎത്തതിനോടുകൂടി മങ്ങിക്കിടന്നിരുന്ന ശക്തി പ്രകാശിക്കുന്നതിനാരംഭിച്ചു. ആ പ്രകാശഭാവമാണ് സമുദായബന്ധത്തെ ഉറപ്പിച്ചു ലോകചരിത്രത്തിന്റെ അനന്തരാദ്ധ്യായങ്ങളെ നിറച്ചതു്. എന്നാൽ മനുഷ്യന്റെ ജീവിതസമ്പ്രദായം യാതൊരു മൌലികതത്വങ്ങളോടുംകൂടാതെ പരിസരപ്രദേശത്തിന്റെ ഫലഭൂയിഷ്ഠമായ പരിണാമപ്രകൃതിയുടെ ഗതിവിഗതികളെ അനുകൂലിക്കുന്നതായിട്ടാണ് അനുഭവം. ഈ അവസ്ഥയിൽ അങ്കുരിക്കാവുന്ന ജീവിതസംരംഭത്തിന്റെ ഏറാക്കുറവുകൾ അനുസരിച്ചുണ്ടാകാവുന്ന ഒരു ആത്മയോധനസന്നാഹം സമുദായശക്തിയുടെ മഹത്വം മനുഷ്യനെ മനസ്സിലാക്കി അതിനെ ദൃഢപ്പെടുത്തുന്നതിനുവേണ്ടിയുള്ള സജ്ജീകരണം പരിമിതവിസ്തൃതിയോടുകൂടിയ രാജ്യചരിത്രങ്ങളിൽ അഭ്യന്തരകലഹകാരണമായി വൎണ്ണിക്കപ്പെട്ടിട്ടുണ്ടു്. അതിനുകാരണം സമുദായശക്തിയെ അധിവാസമണ്ഡലത്തിൽ അടിയുറപ്പിക്കുവാനുണ്ടായ ആഗ്രഹമായിരുന്നു. ഈ ഉദ്യമാനന്തരവും കലഹംകൂടാതെ കഴിക്കുവാൻ കഴിഞ്ഞില്ല. ജീവിതഗതിക്കുണ്ടായ വ്യാപനത്തിന്റെ തോതനുസരിച്ച് ആശയാകുന്ന നിഴൽ അധികരിച്ചുവന്നതിനാൽ അയൽരാജ്യങ്ങളുടേയും ആക്രമണത്തിനു സമുദായശക്തി പ്രേരിതമായി. ഇങ്ങനെ മനുഷ്യജീവിതം അടിമുതൽതന്നെ പ്രക്ഷോഭണങ്ങളും തജ്ജന്യങ്ങളായ

ങ്ങളുംകൊണ്ടു ഭൂലോകമൊട്ടുക്കുതന്നെ മുഴങ്ങിക്കൊണ്ടിരുന്നു. അതുകൊണ്ടാണ് ഭൂലോകമഹാചരിത്രത്തിന്റെ ആദിമഘട്ടംമുതൽ ആധുനികപര്യന്തം പൌരാണികജനമേജയന്റെ നാഗബലിയുടെ ഒരു രൂപാന്തരമായി തോന്നാവുന്ന നരബലിയായി കലാശിച്ചിരിക്കുന്നത്.

മനുഷ്യനെപ്പോലെ ഭൂതദയാവിഹീനമായ മറ്റൊരു ക്രൂരജന്തുവില്ലെന്നു ലോകമഹാചരിത്രം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അവന്റെ സമുദായശക്തിയെ സ്ഥാപിക്കുന്നതിനായി ഇതരസമുദായങ്ങളെ വന്യമൃഗങ്ങളെപ്പോലെ ഗണിച്ചു വേട്ടയാടുന്നതിൽ അതിയായ സന്തോഷം പ്രദർശിപ്പിക്കുന്നതായി കാണുന്നു. സമുദായശക്തിയെ ഉറപ്പിക്കുന്നതിനുണ്ടായ സന്നാഹമാണ് മനുഷ്യനെ കലഹരംഗത്തിലേയ്ക്കു ആദ്യമായി പ്രവേശിപ്പിച്ചത്. ആചാരം, അനുവർത്തനം, ആദർശം, ആകാരം, വിശ്വാസം, സാമീപ്യം, സഹവാസം മുതലായവകളിൽ ഐകരൂപ്യമുണ്ടായിരുന്ന വ്യക്തികളുടെ ജീവിതക്ലേശനിവാരണത്തിനു വേണ്ടിയുണ്ടായ ഏകീകരണം മനുഷ്യരിൽ സമുദായവിഭാഗമുണ്ടാക്കിത്തീർത്തു. അനാഗരികതയിലെ കാട്ടുമനുഷ്യൻ സമുദായബന്ധത്തിൽ ഉൾപ്പെട്ടു ജീവിക്കുവാൻ ഇടയായകാലം മുതല്ക്കാണ് അവന്റെ നാഗരികതജീവിതമാരംഭിക്കുന്നത്. ആദിമഘട്ടത്തിലെ കാട്ടുമനുഷ്യൻ മുതൽ ആധുനിക കാലത്തിലെ പരിഷ്കൃത മനുഷ്യൻവരെയുള്ളവരുടെ ഗതിവിഗതികളെ സൂക്ഷിച്ചുനോക്കുന്ന പക്ഷം യാതൊന്നുകൊണ്ടും ഒരിക്കലും ഭേദംവരാത്ത ചില സ്വഭാവാംശങ്ങൾ മനുഷ്യരിൽ എല്ലാക്കാലത്തും ഒന്നുപോലെതന്നെ നിഴലിക്കുന്നതായി കണ്ടുപോരുന്നു. അപരിഷ്കൃതജീവിതമായ പ്രാഥമഘട്ടത്തിൽ ഉദരപൂരണത്തിനു ഭൂതദയകൂടാതെ കാട്ടുജന്തുക്കളെ വേട്ടയാടുന്നതിലുണ്ടായ ഹിംസാസക്തി നഗ്നതയെ മറച്ചു തുടങ്ങിയ പരിഷ്കൃതാവസ്ഥയിൽ സ്വസഹോദരനിഹനനത്തിലേയ്ക്കു സംക്രമിച്ചു. ഈ ആസക്തിയാണ് മനുഷ്യന്റെ മൌലിക ശീലങ്ങളിൽ മുന്നിട്ടു നില്ക്കുന്നത്. ആദിമവേളകളിൽ വ്യക്തിയായി തിരിഞ്ഞു ക്രൂരമായ ഹിംസാശീലം വെളിപ്പെടുത്തിയ മനുഷ്യൻ വിഘാതങ്ങളെ വിപാടനം ചെയ്യുവാനുണ്ടായ സംഘബലസജ്ജീകരണത്തിൽനിന്നു സമുദായമുത്ഭവിച്ചു. ഇങ്ങനെയുണ്ടായി വർദ്ധിച്ചുവന്ന സാമുദായിക ശക്തിയാണ് ആധുനിക ലോകഗതിയെ ഈ നിലയിൽ എത്തിച്ചത്.

മനുഷ്യന്റെ ഈ പൂർവ്വചരിത്ര പ്രസ്താവനയിൽനിന്നു നമുക്കു ചില കാര്യങ്ങൾ ഗ്രഹിക്കേണ്ടതായിട്ടുണ്ട്. അവന്റെ സ്ഥായീ

സ്വഭാവമായ ഹിംസാശീലം അനിയന്ത്രിതാവസ്ഥയിൽ ഇരുന്നിരുന്നു. ആദിമകാലങ്ങളിൽ ഉപജീവനമാർഗ്ഗമായി തീൎന്നിരുന്ന നായാട്ടു പരസ്യമായിത്തന്നെ നടത്തിപ്പോന്നു. നാഗരികത വൎദ്ധിച്ചുവന്നതിനോടുകൂടി ആ ഹിംസാശീലത്തെ ഗൂഢമായി പ്രയോഗിക്കുന്നതിന് ആരംഭിച്ചു. അതുകൊണ്ടാണ് ആധുനികകാലത്തെ ആഹവങ്ങൾ അവിചാരിതമായ അനിഷ്ടസംഭവങ്ങൾക്കു അധീനമായിരിക്കുന്നതു്. ഹിംസ്രജന്തുക്കളായ കടുവാ തുടങ്ങിയ കാട്ടുമൃഗങ്ങളെക്കാളും ഭയങ്കരൻ മനുഷ്യൻ തന്നെയാകുന്നു. അവയ്ക്കാകട്ടെ ആ സ്വഭാവത്തെ ഒരുവിധത്തിലല്ലാതെ പ്രയോഗിക്കുവാൻ കഴിയുന്നില്ല. എന്നാൽ വിവേചനാശക്തിയുടെ വിശേഷതയാൽ ശിക്ഷണം ചെയ്യപ്പെടാവുന്ന ശീലത്തെ മനുഷ്യന് രൂപാന്തരം ചെയ്തു പ്രയോഗിക്കുവാനും അഥവാ നിയന്ത്രിക്കുവാനും കഴിയുന്നതാണ്. നാഗരികത കൂടുന്തോറും മനുഷ്യൻ ആ ഹിംസ്രാശീലത്തെയും കാലാനുഗതമായി പരിഷ്കരിച്ചു പ്രയോഗിക്കുന്നതാണ് അവനെ മറ്റു ക്രൂരജന്തുക്കളിൽനിന്നും ഒരു ഭേദമുണ്ടാക്കിത്തീൎത്തതു്. ഇങ്ങനെ ജന്മനാസിദ്ധമായ ആ സ്വഭാവത്തെ അവൻ സാമുദായിക ബന്ധത്തിൽ നിന്നുകൊണ്ടു് പ്രയോഗിക്കുന്നതിനെ നമ്മുടെ ലൌകിക ജീവിതം സാധൂകരിക്കുന്നുണ്ടെങ്കിലും വ്യക്തിഗതമായി നിന്നുകൊണ്ടു് പ്രയോഗിക്കുന്നതിനെ നിഷേധിക്കയാണ് ചെയ്യുന്നതെന്നു സ്പഷ്ടമാകുന്നു. സുഖലാഭവും പുകഴ്ചയും ആഗ്രഹിക്കാത്ത ജനങ്ങൾ അത്രതന്നെ ലൌകിക പ്രപഞ്ചത്തിൽ ഉണ്ടായിരിക്കുന്നില്ല. നിയന്ത്രണാധികാരംകൊണ്ടുള്ള മേന്മ കരഗതമാകണമെന്നുള്ള കരുതൽ എല്ലാ ജനങ്ങളിലും ഒന്നുപോലെ കാണുന്നുണ്ടു്. തന്മൂലം ഉല്ക്കൎഷപ്രാപ്തിക്കുവേണ്ടി എന്തു ചെയ്യുവാനും സന്നദ്ധമായ ഒരു സാഹസബുദ്ധി അങ്കുരിക്കുന്നതിന്റെ ഫലമായി അന്തഃകരണസംസ്കാരം ഇല്ലാതെയായിത്തീരുന്നു. ഈ സംസ്കാരം സിദ്ധിക്കാത്തവരുടെ ജീവിതഗതിയിൽ പ്രക്ഷോഭണപരമായ പല സംഭവങ്ങളും ഉണ്ടാകുന്നതായി കാണുന്നുണ്ടു്. ആ വിധമുണ്ടാകുന്ന പ്രക്ഷോഭണം സമുദായത്തിന്റെയെന്നല്ല രാജ്യത്തിന്റെയും വ്യവസ്ഥാപിത മാർഗ്ഗത്തിന് ചില പരിവൎത്തനങ്ങളുണ്ടാക്കുന്നതായി അനുഭവം ബോദ്ധ്യമാക്കുന്നു. ഈ പരിവൎത്തനത്തിനു കാരണഭൂതന്മാരായ വ്യക്തികളെയൊ സമുദായങ്ങളെയൊ രാജ്യചരിത്രത്തിനു ഒരിക്കലും വിസ്മരിക്കാവുന്നതല്ല. എന്നാൽ അനുയായിവൎഗ്ഗത്തിന്റെ സഹായം കൂടാതെ ഒരു വ്യക്തിക്കു തന്റെ ആദർശങ്ങളെ നിഴലിപ്പിക്കുവാൻ കഴിയാത്തതായും കണ്ടുപോരുന്നു. ആ നിലയ്ക്കു് ഒരു വ്യക്തിക്ക് ഇത്രമാത്രം പ്രാധാന്യം കല്പിച്ചിരിക്കുന്നതു് അനൌചി-

ത്ഥ്യമായി നമുക്ക് തോന്നിയേക്കാം. ഒരാജ്ഞാനുവൎത്തനത്തിൽ അനവധി വ്യക്തികളെ ലയിപ്പിച്ചു അവരെക്കൊണ്ടു സ്വാഭീഷ്ടാനുസരണം പ്രവൎത്തിപ്പിക്കുകയും തന്മൂലം ലോകഗതിക്കുതന്നെയും മാററമുണ്ടാക്കി തീൎക്കുകയും ചെയ്യത്തക്കവണ്ണമുള്ള ബുദ്ധിപ്രഭാവത്തോടുകൂടിയവരെ നമുക്കു ഒരിക്കലും വിസ്മരിക്കാവുന്നതുമല്ല. അവരുടെ പ്രവൎത്തനം ലോകോല്ക്കൎഷത്തിനു സഹായമായി തീരുകയാണെങ്കിൽ നാം അവരെ വിശ്വവിശ്രുതന്മാരായി ഗണിച്ചു പൂജിച്ചുപോരുന്നു. നേരെ മറിച്ച് അവരുടെ വൎത്തനം ലോകോല്ക്കൎഷത്തെ പ്രതിബന്ധിച്ചു സമുദായത്തേയും രാജ്യത്തേയും അധഃപതിപ്പിക്കുകയാണെങ്കിൽ നാം അവരെ നിന്ദിച്ചു പഴിക്കുന്നു. ഈ വിധം നമ്മുടെ നിന്ദനമേല്ക്കുന്ന ദുഷ്കണ്ടകന്മാരെയാണിവിടെ ധൂമകേതുക്കളാക്കി കല്പിച്ചിരിക്കുന്നത്.

(തുടരും.)

---

## കാമിക്കുപററിയ നാണക്കേട്.

---

(എൻ. രാമുണ്ണിപ്പിള്ള.)

ദിവാൻബഹദൂർ കാമേശ്വരറാവു അന്നു വൈകുന്നേരം സൎവ്വാഭരണവിഭൂഷിതനായി തന്റെ വാൎദ്ധക്യദശയെ വല്ലവിധത്തിലും മറച്ചുവെച്ചുകൊണ്ട് മളിരാശിക്കടപ്പുറത്ത് ഉലാത്തിക്കൊണ്ടിരിക്കയായിരുന്നു. മനോരാജ്യത്തിൽ മുഴുകിയിരുന്ന റാവു സൂൎയ്യൻ അസ്തമിച്ചതും ചന്ദ്രോദയമുണ്ടായതുമൊന്നും അറിഞ്ഞതുതന്നെയില്ല. കാമിനീകാമുകന്മാർ കൊഞ്ചിക്കുഴഞ്ഞു മന്ദസ്മിതത്തോടുകൂടി സല്ലപിച്ചുകൊണ്ടുനടക്കുന്നതും യുവാക്കന്മാരും യുവതികളും അവിടവിടെ വെടിപറഞ്ഞുകൊണ്ടുല്ലസിക്കുന്നതും റാവു കാണുമാറായി. തന്റെ വാൎദ്ധക്യദശയെ ശപിച്ചുകൊണ്ടും താരുണ്യദശയെ വരിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെപ്പററി ആലോചിച്ചുകൊണ്ടും റാവു സമയം പോക്കുകയാണ്. ഇമിടേറഷൻ പല്ലുകൾക്കും 'നരച്ചമുടി കറുക്കും തൈലങ്ങൾക്കും' വാൎദ്ധക്യദശയെ എത്രത്തോളം മറച്ചുവെയ്ക്കാൻ കഴിയും? റാവു ദിനംതോറും യുവജനോചിതമായ ആടയാഭരണങ്ങളണിഞ്ഞു തന്റെ വസതിയിലുള്ള വലിയ നിഴൽക്കണ്ണാടിയുടെ മുമ്പിൽ ഞെളിഞ്ഞുനിന്നുകൊണ്ട് ഒരുമണിക്കൂർനേരമെങ്കിലു

യൗവനോചിതങ്ങളായ ചിന്താപരമ്പരകളിൽ മുങ്ങി മയങ്ങാതിരിക്കുക സാധാരണമല്ല.

റാവു മേൽപ്രകാരം മദ്രാസ് കടൽക്കരയിൽ ഗന്ധവ്വനഗരാടനം നിവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ അടുത്തൊരു വിളക്കുമരച്ചുവട്ടിൽ ഒരു സുന്ദരിയായ തരുണി നില്ക്കുന്നതായി കാണപ്പെട്ടു. ഏതോ ആപത്തിൽപെട്ടവളെന്നപോലെ അവളുടെ മുഖം മ്ലാനമായും, കണ്ണുനീർകൊണ്ടു നനഞ്ഞും ഇരുന്നിരുന്നു. ഈ ദുഃസ്ഥിതിയിൽ ആ യുവതിയെ ദർശിച്ച റാവു അനുകമ്പാഭരിതനായിട്ടെന്നപോലെ അവളുടെ അടുത്തണഞ്ഞു്:—കുഞ്ഞേ, നീ എന്താണു് വ്യസനിച്ചുകൊണ്ടുനില്ക്കുന്നതു്? നിനക്കെന്താപത്തുപററി? എന്നു ചോദിച്ചു.

അടുത്തണഞ്ഞു് അവളുടെ മുഖം നേരിൽ കണ്ടതോടുകൂടി റാവു അവളുടെ സൗന്ദയ്യധാരാമൃതത്തിൽ മുഴുകി ഭ്രാന്തുപിടിച്ചവൻപോലെയായിത്തീൎന്നു. ഇപ്രകാരം സവ്വാംഗസുന്ദരമായിരിക്കുന്ന ഒരു വിഗ്രഹത്തിൻെറ സാമീപ്യസംഭാഷണങ്ങൾ തൻെറ സവ്വാമയങ്ങളേയും അപഹരിച്ചിരിക്കുന്നതായും, തൻെറ ഭാഗ്യതാരം തെളിഞ്ഞു പ്രകാശിക്കുന്നതായും റാവുവിനു തോന്നി. ആ തേജഃപുഞ്ജത്തിൽനിന്നും റാവുവിൻെറ ചോദ്യത്തിനു മറുപടിയായി,

'അവിടുന്നാരാണു്'

എന്നൊരു മധുരസ്വരം ഉൽഗളിതമായി.

അതിനു മറുപടിയായി തൻെറ ഊരും പേരും പെരുമയുമെല്ലാം റാവു ഞൊടിയിടയിൽ വണ്ണിച്ചുകേൾപ്പിക്കയും അവൾക്കു നേരിട്ടിരിക്കുന്ന വിപത്തെന്തുതന്നെയായിരുന്നാലും തന്നാലാകുന്ന സവ്വ സഹായങ്ങളും ചെയ്യാമെന്നും വാക്കുപറഞ്ഞു.

അവിടുത്തെ നാമധേയം എനിക്കു സുപരിചിതമാണു്. അതിനാൽ അങ്ങയുടെ വാഗ്ദത്തങ്ങളെപ്പററി എനിക്കു ലേശവും സന്ദേഹമില്ല. ഞാനിന്നു് തോഴിയായ കമലവുമൊന്നിച്ചിവിടെ ഉലാത്തുവാൻ വന്നതാണു്. അവൾ ഇവിടെവെച്ചു് അവളുടെ കാമുകനെ കാണുകയും തൻമൂലം എന്നിൽനിന്നു പിരിഞ്ഞുപോകയും ചെയ്തു. ഏകാകിനിയായിത്തീൎന്ന ഞാൻ ഉടൻതന്നെ വസതിയിലേക്കു പുറപ്പെട്ടു. എന്നാൽ എൻെറ മണിപ്പെഴ്സ് കൈമോശം വന്നുവെന്ന വിവരം ഉടനെനിക്കു മനസ്സിലായി. ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ എവിടെയോവച്ചു നഷ്ടപ്പെട്ടുപോയി. അവും മട്ടന്വേഷിച്ചിട്ടും ഒരു തുമ്പും കിട്ടിയില്ല. പണമില്ലായ്കയാൽ വീ

ടെത്തുവാൻ നിവ്വാഹമില്ലാതിരിക്കുന്നു. ഇതായിരുന്നു രാവുവിൻെറ പ്രസ്താവനയ്ക്ക്" അവൾ നൽകിയ മറുപടി.

രാവുവിൻെറ ഹൃദയം ഇളകിമറിഞ്ഞു. കണ്ണിൽ അശ്രുക്കൾ സ്ഫുരിച്ചു. അവളെത്തലോടിക്കൊണ്ട്:—

"കുഞ്ഞേ ഭയപ്പെടാതെ; ഞാൻ നിന്നെ നിൻെറ വീട്ടിൽ എത്തിച്ചുകൊള്ളാം" എന്നു പറഞ്ഞു.

'രാത്രിസമയം തനിയെ പോകാൻ ഭയമായിരിക്കുന്നു. സമയം വൈകുകയും ചെയ്യുന്നു. അസമയത്ത് വീട്ടിൽ ചെന്നാൽ കോപിക്കയും ചെയ്യും.'

എന്നു പറഞ്ഞ് അവൾ വീണ്ടും കണ്ണുനീർ വാൎത്തു തുടങ്ങി.

കിഴവൻ രാവു അവളുടെ കൈക്കു കടന്നു പിടിച്ചുകൊണ്ട്:—

'ഭയപ്പെടാതെ കുഞ്ഞേ! എന്നെ നീ വിശ്വസിക്കുക. വീടെവിടെയാണ്."

എന്ന് വീണ്ടും ചോദിച്ചു.

'മൈലാപ്പൂർ'

എന്നവളുത്തരം പറഞ്ഞു.

അവർ രണ്ടുപേരുംകൂടി വണ്ടിയന്വേഷിച്ചല്പദൂരം നടക്കവെ ഒരു വാടകമോട്ടാർ വണ്ടി എതിരെ വന്നതിൽ ആ യുവതിയെ കയററി താനും കയറി. ആ യുവതി നിർദ്ദേശിച്ച സ്ഥലത്തു മോട്ടാർ നിറുത്തുകയും അവൾ അവിടെ ഇറങ്ങുകയും രാവുവിന് നന്ദിപറഞ്ഞിട്ട് അവൾ മുൻപിൽ കാണപ്പെട്ട സ്വന്തം ഗൃഹത്തിലേക്ക് പോകുകയും രാവു തിരിച്ച് മോട്ടാറിൽ തൻെറ ഭവനത്തെ പ്രാപിക്കുകയും ചെയ്തു.

അടുത്തദിവസം വൈകുന്നേരം മൂന്നുമണിക്കു രാവു അവളുടെ ഭവനത്തിലെത്തി. യുവതി ഒരു കസേരയിലിരുന്നു അപ്പോൾ എന്തോ വായിച്ചുകൊണ്ടിരിക്കയായിരുന്നു. രാവുവിനെക്കണ്ടയുടൻ അവൾ ഝടിതിയിലെഴുന്നേററ് അയാൾക്കു കൈകൊടുത്തു സ്വീകരിച്ചു ആസനസൽക്കാരം ചെയ്തു.

രാവുവിനുണ്ടായ വിഭ്രമം വൎണ്ണിക്കാവതല്ല. ആ മധുരക്കാഴ്ചയായ കൊച്ചുപെണ്ണിന്മേൽ അയാൾ അനുരക്തൻ—കാമാസക്തൻ—ആയി ഭവിച്ചുവെന്നു ചുരുക്കിപ്പറയാം. ആ യുവതിയ്ക്ക് അയാളുടെയടുത്തൊരു കസേരയിൽ ആസനസ്ഥയായി.

‘താങ്കളുടെ പേരെന്താണ്’ എന്നു കിഴവൻ ചോദ്യംതുടങ്ങി.

‘മേനക’ എന്നവളുത്തരം പറഞ്ഞു.

‘രാവു:—പൊരുത്തമുള്ള പേർ. ഇനിപ്പായ പേർ. കല്യാണം കഴിഞ്ഞുവോ?’

മേനക:—ഇല്ല. കാളേജിൽ ഇതുവരെ പഠിച്ചുകൊണ്ടിരിക്കയായിരുന്നു.

‘അതു നമ്മുടെ ഭാഗ്യം’ എന്നു രാവു ആത്മഗതം ചെയ്തു. എങ്ങനെയും മേനകയെ സ്വായത്തമാക്കണമെന്നും അയാളുറച്ചു.

രാവു:—“ഇവിടെ ആരോടുകൂടി പാർക്കുന്നു?”

മേനക:—“സഹോദരൻ ഭാസ്കരറാവുവുമൊന്നിച്ചു താമസിക്കയാണ്. ഞങ്ങളുടെ മാതാപിതാക്കന്മാർ ചെറുപ്പത്തിൽതന്നെ മരിച്ചുപോയി. അണ്ണന് ഇവിടെയൊരു കമ്പനിയിൽ ഗുമസ്താവുദ്യോഗമാണ്. അതിൽനിന്നുള്ള ശമ്പളംകൊണ്ടു ഞങ്ങളിരുവരും കാലക്ഷേപം ചെയ്തുവരുന്നു.”

(മേനകയുടെ സഹോദരനുമായി ആലോചിച്ച് അവളെ എങ്ങനെയും പരിണയിക്കണമെന്ന് രാവു മനസ്സിലുറച്ചു.)

‘താങ്കളെ കല്യാണം കഴിക്കുന്നവൻ ഭാഗ്യശാലിതന്നെ’ എന്ന് മന്ദസ്മിതത്തോടുകൂടി രാവു സംഭാഷണം തുടന്നു.

മേനക നാണംപൂണ്ടു തലകുനിച്ചു. അല്പം കാപ്പി കൊണ്ടുവരാമെന്നു പറഞ്ഞ് അവൾ ഉള്ളിലേക്കു പോയി.

കിഴവൻ കരകാണാത്ത ആലോചനാസിന്ധുവിലേക്കെടുത്തുചാടി അവിടെയുള്ള ഉത്തുംഗവീചീതരംഗപരമ്പരകളിൽ മുങ്ങിയും പൊങ്ങിയും അല്പനേരം കഴിച്ചുകൂട്ടുമ്പോഴേക്ക് മേനക കാപ്പിയുമായി അവിടെ ആഗതയായി. മേനകയുടെ സൌന്ദര്യാമൃതംകൊണ്ടു ദ്വിഗുണീഭവിച്ച മധുരസാർദ്രമായ ആ പാനീയം അയാൾ ആകണ്ഠം പാനംചെയ്തു മദിച്ചു മയങ്ങി.

അയാൾ മന്ദമന്ദം കസേരയിൽനിന്നെണീററു; സാവധാനത്തിൽ മേനകയെ സമീപിച്ച് അവളുടെ കരപല്ലവത്തെ ഗ്രഹിച്ചു; മെല്ലെ മെല്ലെത്തലോടിത്തുടങ്ങി. ക്രമേണ അവൾ അയാളുടെ കൈക്കുള്ളിൽ അമന്നു; അവളുടെ മുഖത്തിൽ അനുരാഗമുദ്ര പതിക്കപ്പെട്ടു. അവൾ വൈവശ്യഭാവം പൂണുകയും വൈമുഖ്യഭാവം പ്രദർശിപ്പിക്കയും ചെയ്തു. രാവു ദൃഢമായാലിംഗനംചെയ്ത് വീണ്ടും വീണ്ടും അവളുടെ കപോലത്തിൽ ചുംബനവർഷം ചെയ്തു. രാവിൻെറ കൈവിരലുകളിൽ അണിഞ്ഞിരുന്ന വിലതീരാത്ത വൈരമോതിരങ്ങളാറും മേനകയുടെ കൈവിരലുകളിൽ തിളങ്ങി.

"അവിടന്നു് ഇതു ഭ്രാന്തനാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല" എന്നു് മേനകയുടെ പുഞ്ചിരിപ്പാലിൽനിന്നും പതഞ്ഞു പൊട്ടുന്ന കുമിളകൾക്കൊപ്പം ചില പദങ്ങൾ പുറപ്പെട്ടു.

രാമു:—"നിന്നെക്കണ്ടാൽ ആൎക്കാണു ഭ്രാന്തുപിടിക്കാത്തതു്. നാളെ മേനകയ്ക്കു ചില സമ്മാനങ്ങൾ തരുവാൻ പോകുന്നു. എന്തെല്ലാമാണെന്നു പറയണം."

മേനക:—"എനിക്കു ജ്യോത്സ്യമറിഞ്ഞുകൂടല്ലോ. താങ്കൾ, താങ്കളെ സമ്മാനമായിക്കൊണ്ടുവരുമായിരിക്കാം."

രാമു:—"കണ്മണി! അങ്ങനെ പറയാതെ. ഇന്നലെ ഞാൻ നിന്നെ എപ്പോൾ കണ്ടുവോ ആ നിമിഷത്തിൽതന്നെ എന്നെ ഭവതിക്കൎപ്പണംചെയ്തുകഴിഞ്ഞിരിക്കുന്നു. നാളെക്കാലത്തു പത്തുമണിക്കു നോക്കിക്കൊള്ളണം."

എന്നുപറഞ്ഞുകൊണ്ടു രാമു വീണ്ടും ആ യുവതിയെ കെട്ടിപ്പുണരുന്നതിനു മുതിൎന്നു.

മേ:—ഇതെന്തൊരു വേണ്ടാതനമാണു കാണിപ്പാൻ മുതിരുന്നതു്. നാംതമ്മിലുള്ള വിവാഹകാൎയ്യം തന്നെയും നിശ്ചയിക്കപ്പെടാതിരിക്കുന്ന നിലയ്ക്കു് ഇപ്രകാരമുള്ള പ്രകടനങ്ങൾ അനുചിതങ്ങളാണു്.

എന്നുപറഞ്ഞു് അവൾ അവിടെനിന്നും തള്ളിപ്പിടച്ചോടി. രാമുവും കൊച്ചുകുട്ടികളെപ്പോലെ മേനകയെ പിടിപ്പാനായി ഓട്ടംതുടങ്ങി. ചിലപ്പോൾ യാദൃശ്ചികമായി അവൾ രാമുവിന്റെ പിടിയിൽ അകപ്പെടുകയും ഉടൻ അവിടെനിന്നു രക്ഷപ്പെടുകയും ചെയ്തു ഏകദേശം അരമണിക്കൂർനേരം കഴിച്ചുകൂട്ടി. ഒടുവിൽ രാമു വിയൎത്തൊലിച്ചു് കിതച്ചു് ഒരു കസേരയിൽപ്പോയി കിടപ്പായി.

അണ്ണൻ വരാനുള്ള നേരമാകുന്നു. നാളെ പത്തുമണി! ആ സമയം മറക്കയില്ലല്ലോ എന്നിപ്രകാരം മേനക അടുത്തുകൂടി സംഭാഷണം തുടൎന്നു.

"നാളെ ഒൻപതുമണിക്കുതന്നെ ഹാജർ കൊടുക്കുന്നതാണു്" എന്നുപറഞ്ഞുകൊണ്ടു രാമു "മനമിങ്ങും മിഴിയങ്ങും" എന്ന നിലയിൽ മനമില്ലാമനസ്സോടെ ആ സ്ഥലം വിട്ടു.

(തുടരും)